# ക്രൈസ്തവ

# വനിത

July- August 2011

**"സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി;
ആകയാൽ അതിൽ ഉറച്ചുനില്ക്കുവിൻ;
അടിമനുകത്തിൽ പിന്നെയും
കുടുങ്ങിപ്പോകരുത്."
(ഗലാത്യർ 5:1)**

# CHRISTIAN

# *WOMAN*

A fundamental Christian bi-monthly publication
of the women, by the women , for the women

# ക്രൈസ്തവ **വനിത**

Telephone 0471-244-8079 email: annjohn@oration.com
Mobile : 9446548079

Volume IV July - August 2011 No. 4

Editorial Board

Mrs. Annamma Charles John — Chief Editor
Mrs.Mary Anchan — Associate Editor

Sub Editors

Mrs. Sherine Kingston — Mrs. Mary George

## ഉള്ളടക്കം

എഡിറ്റോറിയൽ
വേദപുസ്തക വനിതകൾ 6
ഭയത്തിന്റെ ഉത്ഭവം 9
യഹോവ ആരെന്നും തന്റെ കല്പന 12
വാർദ്ധക്യത്തിലെ നൊമ്പരങ്ങൾ 14
യൂദാ ഇസ്കര്യോത്താ 18
ബാലൻ നടക്കേണ്ടുന്ന വഴി 21
കർത്താവിനോടു ചോദിക്കാം 24
എളിമയ്ക്ക് ദൈവരാജ്യത്തിന്റെ പ്രസക്തി 26
സാത്താനോട് എതിർത്തു നില്ക്ക 28
Q & A ചോദ്യോത്തരപംക്തി 31
Quest 19 33
Quest 18 -ന്റെ ഉത്തരങ്ങൾ cover iii

വാർഷിക വരിസംഖ്യയായ അൻപതു രൂപ (₹.50/- only),
ലേഖനങ്ങൾ, കത്തുകൾ ഇവ അയയ്ക്കേണ്ട വിലാസം:

**അന്നമ്മ സി. ജോൺ**
ഗുഡ് ന്യൂസ്
ആക്കുളം റോഡ്
തിരുവനന്തപുരം- 695 031

For private circulation only

*എഡിറ്റോറിയൽ* 

# മീഡിയ വരുത്തുന്ന വിനകൾ

ഇക്കാലത്തെ മീഡിയ മനുഷ്യനെ വലയ്ക്കുന്നു. പ്രസവിച്ചിടുന്ന കുഞ്ഞുങ്ങളുടെ കൈവശം കംപ്യൂട്ടറും മൊബൈൽഫോണും ഉണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഒരു കേബിളും എടുത്തുകൊടുക്കും കുഞ്ഞുങ്ങളെ അതിന്റെ മുന്നിൽ ഇരുത്തിയിരിക്കുകയാണ്. വേണ്ടതും, വേണ്ടാത്തതും അതിൽ നിന്നും പഠിക്കാം. മൊബൈലിൽ ഇല്ലാത്ത കാര്യങ്ങൾ ഒന്നും ഇല്ല. കൂലിക്കാരെപോലും കിട്ടാൻ പ്രയാസം. അവർ കൂടുതൽ കൂലി ചോദിക്കുന്നതിൽ എന്താണ് അപാകത. കേബിളിനും മൊബൈൽ ഫോണിനും തന്നെ നല്ലൊരു തുക വേണം. മൊബൈൽ ചെവിയിൽ ഇല്ലാത്തവരെ തിരഞ്ഞുപിടിക്കേണ്ടിയിരിക്കുന്നു. മൊബൈൽ, ഇന്റർനെറ്റ് ഇവയിൽ കൂടിയെല്ലാം നടക്കുന്ന കൊള്ളരുതായ്മകൾ എന്തെല്ലാമാണെന്നു മാതാപിതാക്കൾ ചിന്തിക്കണം. ആവശ്യമില്ലാത്ത സാധനങ്ങൾ ചുമ്മാതെ കിട്ടിയാലും വാങ്ങരുത്. ഇപ്പോൾ ക്രിസ്തീയ പേരിൽ കുറച്ചു ചാനലുകൾ ഉണ്ടല്ലോ? ഈ ചാനലുകൾ നടത്തുന്നവർ എല്ലാ ചവറുപരിപാടിക്കും കൊടുത്താണ് പൈസാ ഉണ്ടാക്കുന്നത്. ചിലർ പറയും നല്ല കാര്യങ്ങൾ അതിൽ ഉണ്ട് അത് പഠിക്കാമെന്ന്. ചവറിൽ നിന്നുമാണോ നല്ല കാര്യങ്ങൾ പഠിക്കുന്നത്. അല്ലാതെ പഠിക്കുവാനുള്ള മാദ്ധ്യമങ്ങൾ ധാരാളം ഉള്ളപ്പോൾ ചവറ്റുകുട്ടയിൽനിന്നും എടുക്കണമോ? ചവറ്റുകുട്ടയിൽ കൈയിടുന്നതിനു സമമല്ലേ അതിൽ നിന്നും നല്ല കാര്യങ്ങൾ കേൾക്കുന്നതും, പഠിക്കുന്നതും? സാധാരണ ചവറിൽ നിന്നും സാധനം പെറുക്കുന്നവർ ആരെന്നു നമുക്കു തന്നെ അറിയാം. ഇപ്പോൾ മനുഷ്യർ നല്ല കാര്യങ്ങൾ ചവറ്റുകുട്ടയിൽ നിന്നും എടുക്കുന്നു.

മനുഷ്യൻ പഴയതിനെ വെറുത്തു പുതിയതിനോടു ചേർന്നുകൊള്ളുവാൻ വാക്യവും ഉണ്ടല്ലോ. രക്ഷിക്കപ്പെടുന്നതിനുമുന്നമേയുള്ള ജീവിതത്തെ കാണിക്കുന്നു. വേദപുസ്തകം പറയുന്നു ദൈവവചനത്തിനുമാറ്റമില്ല അതിനു പുതുക്കവും, പഴക്കവും ഇല്ല. എക്കാലത്തും അതിന്റെ നിലയും വിലയും ഒരുപോലെയാണ്. സ്ഥലമാറ്റംകൊണ്ട് അതിന് സ്ഥാനഭ്രംശം സംഭവിക്കുന്നില്ല. ഇന്ന് സ്ഥലമാറ്റം മൂലം സ്ഥാനഭ്രംശം സംഭവിക്കുന്നു. പാശ്ചാത്യനാടുകളിൽ അഥവാ പണക്കൊഴുപ്പിന്റെ നാടുകളിൽ ഭ്രംശം വരുന്നു. ഇവിടെ നിന്നും ചെല്ലുന്ന വിശ്വാസികളായവരിൽ കൂടുതൽ കാണുന്നു. ഒന്നു തൊട്ടാൽ തള്ളിപ്പറയുന്ന വിശ്വാസമാണ് അത്. വിശ്വാസി ഏത് നാട്ടിൽ ചെന്നാലും വിശ്വാസിയായിരിക്കണം, “ആനക്കലി കേറിയാലും അകബോധം

വിടരുത്” നാം ആരുടെ വകയാണെന്ന ബോധം വേണം. പിതാവിന്റെ മഹിമയ്ക്കൊത്തു ജീവിക്കണം ഉദാഹരണമായി എന്റെ പിതാവ് ഒരു മന്ത്രിയാണെങ്കിൽ ഞാൻ ആ പിതാവിന്റെ നിലയ്ക്കനുസൃതമായി ജീവിക്കണം. അതാണ് പിതാവാം ദൈവത്തോടു നമ്മൾ ചെയ്യേണ്ടത്. പിതാവിന്റെ ഹിതം അതുപോലെ നിവർത്തിച്ചവനാണ് കർത്താവായ യേശുക്രിസ്തു. തന്റെ ക്രൂശ് ഒഴിവാക്കിക്കൊടുക്കുവാൻ താൻ കരഞ്ഞു. എന്നിരുന്നാലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടമാകട്ടെയെന്നു താൻ തീരുമാനിച്ചു. പിതാവിന്റെ ഇഷ്ടം നിർവഹിച്ചു. പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നും നീക്കേണമേ എന്നു പ്രാർത്ഥിച്ചു. **കഴിയുമെങ്കിൽ** പിതാവിനു കഴിയുമായിരുന്നു. പിതാവു അതു ചെയ്തിരുന്നെങ്കിൽ നാമെല്ലാവരും നരകത്തിൽ ജീവിക്കേണ്ട ഗതികേടു ഉണ്ടാകുമായിരുന്നു. ഇഷ്ടാനുസരണം മക്കളെ വിടുന്നവർ വിതയ്ക്കുന്നതുതന്നെ കൊയ്യുന്നു. പ്രിയപ്പെട്ട മാതാപിതാക്കൾ അഥവാ വിശ്വാസികൾ തങ്ങളുടെ കുഞ്ഞുങ്ങളെ നേരായ മാർഗ്ഗത്തിൽ വളർത്തുവാൻ നിങ്ങൾക്കു സാധിക്കണം. എല്ലാറ്റിനും ക്രമവും സതൃത്തിനു സാക്ഷിനില്ക്കുവാനും സത്യം സംസാരിക്കുവാനും അവരവരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കണം. കള്ളം പറഞ്ഞാൽ ശരിയായ ശിക്ഷ കൊടുക്കണം. ശരിയായ ശിക്ഷ കൊടുക്കണമെങ്കിൽ മാതാപിതാക്കൾ മാതൃക ഉള്ളവരായിരിക്കണം. കുഞ്ഞുങ്ങളുടെ കുഞ്ഞു മനസ്സിനെ വിഷമിപ്പിക്കുന്ന തരത്തിൽ മാതാപിതാക്കൾ ആയിരിക്കരുത്. “ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടുമാറില്ല.” അടി കൊടുക്കേണ്ടിയ സ്ഥാനത്ത് അടി കൊടുക്കണം. വടിയെ സ്നേഹിക്കരുത്. വടിയെ സ്നേഹിക്കുന്നവൻ തന്റെ മക്കളെ കളയുന്നു. നോവുന്ന അടി കൊടുത്താൽ ചത്തുപോകയില്ല. ചാകുന്ന വിധത്തിൽ കിട്ടുന്നിടത്തു വലിച്ചു താങ്ങിക്കൊടുക്കരുത്. ഭാര്യയെ കൊന്നവരും, ഭർത്താവിനെ കൊന്നവരും, മക്കളെ കൊന്നവരും ഇങ്ങനെ പേപ്പറുകൾ എടുത്താൽ ചെയ്തുകൂട്ടുന്ന കൊള്ളരുതായ്മകളുടെ വലിയ പട്ടികകൾ കാണുന്നു. കുഞ്ഞുങ്ങൾ വെറും അവഗണിക്കപ്പെട്ടവരായി വളരുന്ന വീടുകൾ ധാരാളം ആയതിനാൽ അവർക്ക് വാശിയും, വൈരാഗ്യവും കൂടിവരുന്നു. കുഞ്ഞു ങ്ങളുടെ സൈക്കോളജി പഠിക്കണം, നാശത്തിനായുള്ള ഒരുക്കം നാൾക്കുനാൾ വർദ്ധിക്കുന്നു. ചോറു മാത്രം പോരാ ചൊല്ലും ചോറിന്റെകൂടെ കൊടുക്കണം. അതിന് എല്ലാവരും യോജിക്കുന്നില്ലെന്നുള്ളത് അറിയാം. എന്നാൽ ചിലർ കാര്യങ്ങൾ പഠിക്കുന്നത് ഹാർഡുവേയിൽകൂടിയാണ്. അപ്പോൾ മനസ്സിലാക്കും ഇത് അനുവദിക്കേണ്ടതില്ലായിരുന്നുവെന്നുള്ളത്. അപ്പനും അമ്മയും മക്കളും കൂടി ചേർന്നിരുന്നാണ് അശ്ളീലങ്ങൾ കാണുന്നത്. പൈസമുടക്കി കടിക്കുന്ന പട്ടികളെ വാങ്ങുന്നു. ഇതിൽനിന്നും മാതാപിതാക്കൾക്കു കിട്ടുന്നത് കണ്ണീരും ദുഃഖങ്ങളും അല്ലാതെ എന്തുനേടിയിട്ടുണ്ട്. കൊച്ചുകുഞ്ഞുങ്ങളെ വളർത്തുന്നവർ

പ്രത്യേകം ശ്രദ്ധിക്കണം. വഴക്കുതീർക്കുവാൻ T.V. സ്ക്രീനിന്റെ മുന്നിൽ ഇരുത്തരുത്. വഴക്കുണ്ടാക്കിയാൽ അതിനുള്ള പ്രതിവിധി കണ്ടുപിടിക്കണം.

ഒരു മോട്ടോർ സൈക്കിൾ, ഒരു മൊബൈൽ ഫോൺ ഇവരണ്ടും ഉണ്ടെങ്കിൽ ലൈസൻസില്ലാതെ കുഞ്ഞുങ്ങൾ വണ്ടികൾ ഓടിച്ചുകൊള്ളും. ഇന്ന് ഇവിടെ വണ്ടികളിൽ അഥവാ കൂടുതലും മോട്ടോർ ബൈക്കിൽ ചെത്തി നടക്കുന്നവർക്കു കൂടുതൽപേർക്കും ലൈസൻസുകാണുകയില്ല. പിടിച്ചാൽ 100 രൂപ പിടിച്ചില്ലെങ്കിൽ അതും വേണ്ട. ഇതിന്റെ പിന്നിൽ വരുന്നതായ പ്രത്യാഘാതങ്ങൾ മാതാപിതാക്കൾ ചിന്തിക്കണം. കുഞ്ഞുങ്ങളുടെ താളത്തിനൊത്ത് തുള്ളരുത്. മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ തന്നെ കണ്ണുനീർ മാത്രമാണ് അവരുടെ സമ്പാദ്യം. ഈ സമ്പാദ്യം കൊണ്ട് എന്തു പ്രയോജനം ചെയ്യും. വല്ലതും ഉണ്ടെങ്കിൽ മനോവേദനയോടെ കഴിക്കുവാൻ കുഞ്ഞുങ്ങളും മാതാപിതാക്കളും വഴി ഒരുക്കുന്നു. കുഞ്ഞുങ്ങളുടെ ഇഷ്ടങ്ങൾ മാത്രമല്ല കുഞ്ഞുങ്ങൾ ഒന്നു അല്പം വളരുവാൻ കൂടി മാതാപിതാക്കൾ ആഗ്രഹിച്ചിരിക്കുന്നു. അതുകൊണ്ട് സകല മാനുഷിക നിയമത്തിനും വിശ്വാസികൾ കീഴടങ്ങണം എന്ന് ഞാനല്ല വേദപുസ്തകം പറയുന്നു. വേദപുസ്തകം വേറെ, പ്രവൃത്തി വേറെ ആകരുത്. ഗവൺമെന്റിന്റെ സകല നിയമങ്ങളും അനുസരിക്കണം. ദുബായിക്കുപോകുമ്പോൾ ഞാൻ റ്റീച്ചർ, ചൈനയ്ക്കു പോകുമ്പോൾ എനിക്ക് ബിസിനസ്സ് എന്നു പറഞ്ഞു വിസ വാങ്ങരുത്. സുവിശേഷകൻ എങ്കിൽ സുവിശേഷകന്റെ വിസായിൽ പോകണം. ദുബായിൽ ബൈബിൾ റ്റീച്ചർ, ചൈനയിൽ വേദപുസ്തകം സ്മഗിൾ ചെയ്യുക. പ്രിയമുള്ളവരെ പകുതിനേരും, പകുതികള്ളവും ഇല്ല. ഇതെല്ലാം കള്ളംതന്നെയാണ്. വേറെ ഓമനപ്പേരിൽ വിളിക്കരുത്. അതിനു ന്യായാസനത്തിന് മുമ്പിൽ നിന്നു കണക്കു പറയണം. മനഃസാക്ഷിക്കുത്തില്ലാത്തവർ ചെയ്യുന്നു. എന്നാൽ മനഃസാക്ഷികുത്തുന്ന ഒരു ദിവസം വരുന്നു. ദൈവത്തിനുവേണ്ടി ഒരു ചെറിയ കള്ളം പറയുവാനും അനുമതിയില്ല. അങ്ങനെപറഞ്ഞ് ഇവിടെ തടിതപ്പാം. എന്നാൽ ദൈവസന്നിധിയിലും പറയുവാനും നേരെ നില്ക്കുവാനും കഴിയണം. മാനുഷികനിയമം ലംഘിക്കുന്നതിനാൽ കള്ളം പറഞ്ഞു രക്ഷപ്പെടുന്നു. നിയമ ലംഘനം പാപമാണ്. പാപം ഒഴിഞ്ഞു ജീവിക്കുവാൻ ദൈവം സഹായിക്കട്ടെ.

**ശ്രീമതി അന്നമ്മ സി.ജോൺ,**

ചീഫ് എഡിറ്റർ

# വേദപുസ്തക വനിതകൾ (തുടർച്ച)

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം

## ഹന്നാ

യിസ്രായേലിന്റെ ദൈവം ഹന്നായുടെ പ്രാർത്ഥനകേട്ട് അവൾക്ക് ഒരു പുരുഷപ്രജയെ ദാനമായി നല്കി. യഹോവ അവളെ ഓർത്തു ഒരു വർഷം കഴിഞ്ഞപ്പോൾ ഹന്നാ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. ഞാൻ അവനെ യഹോവയോട് അപേക്ഷിച്ചുവാങ്ങി എന്നു പറഞ്ഞ് അവന് ശമുവേൽ എന്നു പേരിട്ടു (1 ശമു.1:20). ശമുവേലിനെ മുലയൂട്ടിവളർത്തിയ ഹന്നാ മുലകുടിമാറിയപ്പോൾ മൂന്നുവയസ്സുപ്രായമുള്ള കാളകുട്ടി, ഒരു പറ മാവ് ഒരു തുരുത്തി വീഞ്ഞ് ഇവയെടുത്ത് ശമുവേൽബാലനുമായി ശീലോവിൽ യഹോവയുടെ സന്നിധിയിൽ യാഗം കഴിച്ചു. ബാലനെ ഏലിപുരോഹിതന്റെ അടുക്കൽ കൊണ്ടുചെന്നു. അവൾ പറഞ്ഞതു യജമാനനേ യഹോവയോട് പ്രാർത്ഥിച്ചുകൊണ്ട് ഇവിടെ സമീപത്തുനിന്നിരുന്ന സ്ത്രീ ഞാനായിരുന്നു. ഈ ബാലനായി ഞാൻ പ്രാർത്ഥിച്ചു. ഞാൻ യഹോവയോട് അപേക്ഷിച്ച യാചന ദൈവം കേൾക്കുകയും ഈ പൈതലിനെ എനിക്ക് നല്കുകയും ചെയ്തു. ദൈവം എനിക്ക് ദാനമായി നല്കിയ മകനെ ജീവപര്യന്തം യഹോവയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

ഹന്നാ ഒരു വിശ്വാസിമാത്രമായിരുന്നില്ല. അവൾ തികച്ചും വിശ്വസ്തയുമായിരുന്നു. ആറ്റുനോറ്റുലഭിച്ച മകനെ ദൈവത്തിനായി സമർപ്പിച്ചുകൊണ്ടു അവളുടെ നേർച്ച അവൾ നിറവേറ്റി. ഈ ചിന്തയോടെ നാം സ്വയം ആത്മപരിശോധനചെയ്താൽ നാമൊക്കെ ദൈവസന്നിധിയിൽ എത്ര കുറവുള്ളവരാണ്. നിങ്ങളുടെ പ്രതിസന്ധി തരണം ചെയ്യുവാൻ ദൈവസന്നിധിയിൽ സത്യം ചെയ്ത എത്രയോ കാര്യങ്ങളിൽ നിങ്ങൾ അവിശ്വസ്തത കാട്ടി? നേരുകയല്ലാതെ നിവർത്തിക്കുന്നത് വിശ്വാസികളിൽ വളരെ പരിമിതമാണ്. വർഷാവസാനയോഗത്തിൽ സാക്ഷ്യം പറയുമ്പോൾ കഴിഞ്ഞവർഷം ആണ്ടറുതി യോഗത്തിൽ പല കാര്യങ്ങൾ ദൈവസന്നിധിയിൽ തീരുമാനിച്ചെങ്കിലും ഒന്നും പാലിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ വർഷം ദൈവസന്നിധിയിൽ പറയുന്ന കാര്യങ്ങൾ നിവർത്തിപ്പാൻ പരമാവധി ശ്രമിക്കുന്നതാണ്. എന്നാൽ അടുത്തവർഷത്തെ സാക്ഷിയോഗത്തിലും പഴയ സാക്ഷ്യം തന്നെയാണ് നാം പറയുന്നത്. നമ്മുടെ ആത്മികാഭിവൃദ്ധിക്കും, അനുഗ്രഹത്തിനും തടസ്സമായിരിക്കുന്നത് നമ്മുടെ വിശ്വസ്തതയില്ലായ്മയാണ്. മുമ്പേ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടു

കൂടി സകലതും നമുക്ക് ലഭിക്കുന്നതാണ്. യഥാർത്ഥ വിശ്വാസത്തിന്റെ പ്രകടനമാണ് വിശ്വസ്തത. ഹന്നാ ദൈവസന്നിധിയിൽ പറഞ്ഞപ്രകാരം തന്റെ മകനെ ദൈവിക ശുശ്രൂഷയ്ക്കായി ജീവപര്യന്തം സമർപ്പിച്ചു.

## ഹന്നായുടെ പ്രാർത്ഥന

ശമുവേലിന്റെ ഒന്നാം പുസ്തകം രണ്ടാം അധ്യായത്തിന്റെ ഒന്നു മുതൽ പത്തു വരെയുള്ള വേദഭാഗം ഹന്നായുടെ പ്രാർത്ഥനയാണ്. എന്റെ ഹൃദയം യഹോവയിൽ ആനന്ദിക്കുന്നു. ഈ ലോകം തരുന്ന സന്തോഷവും സമാധാനവും കേവലം നൈമിഷികങ്ങളാണ്. എന്നാൽ ഹന്നാ ജീവിതസരണിയിൽ വളരെ വേദന അനുഭവിച്ചവളാണ്. പെനിന്നായുടെ കുത്തുവാക്കുകൾ അവളെ വളരെ വേദനിപ്പിച്ചു. എല്ക്കാനായുടെ സ്നേഹവും കരുതലും അവളെ അല്പമായി സന്തോഷിപ്പിച്ചു. എന്നാൽ യഥാർത്ഥ സന്തോഷവും ആനന്ദവും അവൾ അനുഭവിച്ചത് യഹോവയിലാണ്. നമ്മുടെ സ്രഷ്ടാവും രക്ഷിതാവുമായ ദൈവത്തിൽ ഹൃദയപൂർവ്വം ആനന്ദിക്കാൻ കഴിയുന്നത് എത്ര ഭാഗ്യമാണ്. എന്റെ കൊമ്പ് യഹോവയാൽ ഉയർന്നിരിക്കുന്നു. തിരുവചനത്തിൽ കൊമ്പ് എന്ന പ്രയോഗം നമ്മുടെ അഭിമാനത്തിന്റെയും പ്രശംസയുടെയും പ്രതീകമാണ്. ഹന്നാ മച്ചിയായിരുന്ന കാലഘട്ടത്തിൽ വളരെ അപമാനവും അപകർഷതാബോധവും ബാധിച്ചിരുന്നു. എന്നാൽ ഇപ്പോൾ എന്റെ കൊമ്പ് യഹോവയാൽ ഉയർന്നിരിക്കുന്നു. ദൈവത്താൽ അവളുടെ നിന്ദ നീക്കിയിരിക്കുന്നു. മുമ്പ് ഒരുവാക്കുപോലും മറുവാക്കു പറയാൻ കഴിയാത്തവളായിരുന്നുവെങ്കിൽ എന്റെ വായ് ശത്രുക്കളുടെ നേരെ വിശാലമായിരിക്കുന്നു. ദൈവസന്നിധിയിൽ പോലും അവൾ പ്രാർത്ഥിച്ചത് അധരം അനങ്ങിയതല്ലാതെ ശബ്ദം പുറത്തുവന്നിരുന്നില്ല. എന്നാൽ ഇപ്പോൾ ശത്രുക്കളുടെ മുമ്പിൽ വായ്തുറന്നു സംസാരിപ്പാൻ കഴിയുന്നതാണ്. പെനിന്നായോട് ദൈവം ചെയ്ത നന്മയെക്കുറിച്ച് വായ്തോരാതെ സംസാരിച്ചുകൊണ്ടിരുന്നിരിക്കാം.

ഹന്നായുടെ സന്തോഷം ദൈവത്തിന്റെ രക്ഷയിലാണ്. പാപിയായ മനുഷ്യന് നിത്യമരണമായ ശിക്ഷയിൽനിന്നും രക്ഷ ഒരുക്കിയത് ദൈവം ആണ്. രക്ഷ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനമാണ്. ശിശുവായിരുന്ന യേശുവിനെ കൈകളിൽ ഏന്തിക്കൊണ്ട് പ്രാർത്ഥിച്ചത് “ദൈവമായ യഹോവേ നീ സകലജാതികളുടേയും മുമ്പിൽ ഒരുക്കിയ നിന്റെ രക്ഷ എന്റെ കണ്ണ് കണ്ടുവല്ലോ” എന്നാണ് (ലൂക്കൊ.2:31). മനുഷ്യരെ രക്ഷിക്കുന്ന രക്ഷകനാണ് യേശുക്രിസ്തു. അതിക്രമത്തിലും പാപത്തിലും മരിച്ച മനുഷ്യർക്ക് ജീവനെയല്ല നിത്യജീവനെ നല്കുന്ന ജീവദായകനാണ് ക്രിസ്തു. മറ്റൊരുത്തനിലും രക്ഷയില്ല; ആകാശത്തിൻ കീഴെ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരുനാമവും ഇല്ല.

ദൈവപുത്രനിൽ വിശ്വസിച്ചാശ്രയിക്കുന്നവർക്ക് ഇത്ര വലിയ രക്ഷ ദാനമായി ലഭിക്കുന്നതാണ്. ക്രിസ്തു നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമാണ്. ദാവീദ് പറഞ്ഞിരിക്കുന്നത്: രക്ഷയുടെ സന്തോഷം എനിക്ക് തിരികെ നല്കണമേ എന്നാണ്. ഈ നിത്യമായ രക്ഷ ദാനമായി നല്കിയ ദൈവത്തിൽ ആനന്ദിക്കാം. പഴയനിയമകാലത്ത് ജീവിച്ചിരുന്ന ഹന്നായുടെ പ്രാർത്ഥന എത്ര അമ്പർത്ഥമാണ്. ഗ്രാമവാസിയായ ഹന്നായുടെ പരിജ്ഞാനത്തോടുകൂടിയ പ്രാർത്ഥന എത്ര ശ്രേഷ്ഠമാണ്. യഹോവയിലും അവന്റെ രക്ഷയിലും ആനന്ദിക്കുന്ന ഒരു ഹൃദയം.

പരമവിശുദ്ധനായ ദൈവം നിസ്തുല്യനാണ്. യുഗങ്ങളുടെ പാറയായ ദൈവം സർവ്വജ്ഞാനിയാണ്. ഈ പ്രപഞ്ചത്തെ മുഴുവൻ ഒന്നുമില്ലായ്മയിൽ സൃഷ്ടിച്ച സൃഷ്ടികർത്താവായ ദൈവം. ഹന്നായുടെ പ്രാർത്ഥനയിലെ ഗഹനങ്ങളായ വിഷയങ്ങളാണിവയൊക്കെയും. വിശക്കുന്നവർക്ക് വിശ്രാമം നല്കുന്ന ദൈവം. മച്ചിയായവൾ ഏഴുപ്രസവിക്കുന്നു. പുത്രസമ്പന്നയോ ക്ഷയിച്ചുപോകുന്നു. കൊല്ലുകയും ജീവിപ്പിക്കുകയും ചെയ്യുന്ന ദൈവം പാതാളത്തിൽ ഇറക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്ന ദൈവം ദരിദ്രനെ പൊടിയിൽ നിന്നും ഉയർത്തിയ ദൈവം അഗതിയെ കുപ്പയിൽ നിന്നും ഉയർത്തുന്നു. പ്രഭുക്കൻമാരോടുകൂടെ ഇരുത്തുന്നവനും മഹിമാസനം അവകാശമായി നല്കുന്ന ദൈവം. ഹന്നായുടെ പ്രാർത്ഥനയുടെ പദങ്ങൾ അത്ഭുതാവഹമാണ്. ഈ പാറയായ ദൈവത്തിൽ ഹന്നായെപ്പോലെ നാമും വിശ്വസിച്ച് ആശ്രയിക്കേണ്ടതാണ്.

നീതിമാനും നിഷ്പക്ഷനുമായ ഒരു ന്യായാധിപനെ യിസ്രായേലിനു നല്കുവാൻ തക്കവണ്ണം ഹന്നായെ ദൈവം അനുഗ്രഹിച്ചു. ഫെലിസ്ത്യരോട് തോല്ക്കുകയും ദൈവത്തിന്റെ പെട്ടകം പിടിക്കപ്പെടുകയും ഏലിയും രണ്ടുമക്കളും മരിക്കുകയും ചെയ്തു. യിസ്രായേലിന്റെ മഹത്ത്വം നഷ്ടപ്പെട്ട സ്ഥാനത്തുനിന്നും യിസ്രായേലിനു ഒരു സമാധാനകാലവും ദൈവഭാഗത്തേക്ക് ഒരു മടങ്ങിവരവും നല്കിയത് ശമുവേൽപ്രവാചകനിലൂടെയാണ്. ഹന്നായുടെ കണ്ണീരോടുകൂടിയ പ്രാർത്ഥനയുടെ പ്രതിഫലമാണിത്.

ഇന്റർനെറ്റും മൊബൈൽഫോണും ഒക്കെ നല്ലത്. എന്നാൽ ഗുണത്തേക്കാൾ ഏറെ ദോഷം തലമുറകൾക്ക് ചെയ്യുന്നതാണ്. മദ്യവും മയക്കുമരുന്നും സമൂഹത്തെ കാർന്നുതിന്നുന്ന ഈ നാളുകളിൽ നമ്മുടെ അടുത്ത തലമുറയുടെ നന്മയ്ക്കായി കണ്ണീർ ഒഴുക്കുന്ന ഹന്നാമാർ നമ്മുടെ ഇടയിൽ ധാരാളമായി എഴുന്നേല്ക്കണം. സഹോദരിമാർ മാത്രമല്ല സഹോദരൻമാർക്കും പ്രാർത്ഥനയിൽ പോരാടുവാൻ കഴിയേണ്ടതാണ്. ദുർഘടസമയങ്ങൾ വന്നിരിക്കുന്ന ഒരു അന്ത്യകാലമാണിത്.

(പേജ് 11-ൽ തുടരുന്നു → )

# ഭയത്തിന്റെ ഉത്ഭവം

എൽസി ബേബി, ന്യൂ യോർക്ക്

ആദിയിൽ ദൈവം ആകാശവും ഭൂമിയും അതിലെ സകലചരാചരങ്ങളെയും സൃഷ്ടിച്ച് അവയെ അടക്കി വാഴുവാനായിരുന്നു മനുഷ്യനെ സൃഷ്ടിച്ചത്. അതിനുള്ള സകല ആനുകൂല്യങ്ങളും ദൈവം അവന് നല്കിയിരുന്നു. കൂടാതെ ദൈവം തന്റെ സാന്നിദ്ധ്യത്താലും, സാമീപ്യത്താലും അവനെ അനുഗ്രഹിച്ചിരുന്നു. ആകെ ചെയ്യരുതെന്നു കല്പിച്ച ഏകകല്പന മനുഷ്യൻ ലംഘിച്ചതിന്റെ ഫലമായിട്ടാണ് ഭയം എന്ന ഘോരവിഷം അവന്റെ ഹൃദയത്തിൽ പ്രവേശിച്ചത്. എവിടെ നിന്നായിരുന്നു ആ ഭയം വന്നത്? ആരായിരുന്നു ആ വിഷം മനുഷ്യനിൽ കുത്തിവെച്ചത്? മറ്റാരുമല്ല വഞ്ചകനും, ചതിയനുമായ പിശാചെന്ന സാത്താൻ . ദൈവകല്പന ലംഘിച്ച മനുഷ്യൻ ആദ്യം ചെയ്തത് ഓടി ഒളിക്കുക എന്നതായിരുന്നു. ദൈവം അവനെ തേടി എത്തിയപ്പോൾ ആദാമിനെ കണ്ടെത്തേണ്ട സ്ഥാനത്ത് അവനെ കാണാതെ "നീ എവിടെ എന്ന് ചോദിച്ചപ്പോൾ ലഭിച്ച മറുപടി എത്ര വിചിത്രമായിരുന്നു ". "തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ട് ഞാൻ നഗ്നനാകകൊണ്ട് ഭയപ്പെട്ടു ഒളിച്ചു". നഗ്നനായിട്ടല്ലേ അവനെ സൃഷ്ടിച്ചത്? നഗ്നനായിട്ടായിരുന്നില്ലേ അതുവരെ ദൈവവുമായി കൂട്ടായ്മ ആചരിച്ചു സല്ലപിച്ചു സന്തോഷിച്ചിരുന്നത്? ഇപ്പോൾ എന്തു സംഭവിച്ചു? എങ്ങനെയാണ് നഗ്നനായിപ്പോയി എന്ന് അറിഞ്ഞത്? നഗ്നനായതുകൊണ്ട് എന്തിനാണ് ഭയപ്പെടുന്നത്? വൃക്ഷഫലം തിന്നുന്ന നാളിൽ നീ മരിക്കും എന്ന് ദൈവം കല്പിച്ചത് മനുഷ്യന് ഓർമ്മ വന്നു. "നീ മരിക്കയില്ല" എന്ന സാത്താന്റെ വലിയ നുണ വിശ്വസിച്ചതിന്റെ ഫലം! അന്നും ഇന്നും മനുഷ്യനെ ഏതെങ്കിലും വിധത്തിൽ ഭയപ്പെടുത്തി കീഴടക്കണം എന്ന തന്ത്രത്തിലാണ് പിശാച് ഓടിനടക്കുന്നത്. 'നഗ്നത' എന്ന പാപത്തെയാ ണല്ലോ മനുഷ്യൻ ഭയപ്പെടുന്നത്. 'ഭയപ്പെടേണ്ട' എന്നു പറഞ്ഞുകൊണ്ട് നമ്മുടെ പാപപരിഹാരാർത്ഥം ദൈവം മനുഷ്യനായി അവതരിച്ചു. സർവ്വപാപവും തന്റെമേൽ വഹിച്ചുംകൊണ്ട് ദൈവപുത്രൻ നമുക്കായി ക്രൂശിൽ സ്വയം യാഗമായി അർപ്പിച്ചു. അവനിൽ വിശ്വസിക്കുന്നവൻ ഒരുനാളും മരിക്കയില്ല. അവനിൽ നിത്യജീവൻ ഉണ്ട് . മണ്മയമായ ശരീരം മരിക്കും മണ്ണോടുമണ്ണു ചേരും. എന്നാലും നമ്മുടെ 'ആത്മരക്ഷ' എന്നെന്നേക്കുമുള്ളതാകുന്നു. കൃപയാലെ വിശ്വാസം മൂലം ദൈവമക്കളായിത്തീർന്നവർക്ക് 'ഭയം' ലേശം കാണുകയില്ല. കാരണം അവരോടുകൂടെ എപ്പോഴും മാറാതെ വസിക്കുന്ന "ഇമ്മാനുവേൽ" അവരുടെ രക്ഷകനാകുന്നു. വീണ്ടെടുപ്പുകാരനാകുന്നു, സർവ്വശക്തനാകുന്നു, ശത്രുവായ

സാത്താന്റെ തല തകർത്തവനാകുന്നു. ശരീരംകൊണ്ടു മരിച്ചാലും വീണ്ടും ജീവിച്ച് ഉയിർത്തെഴുന്നേറ്റു ക്രിസ്തുവിനോടുകൂടെ നിത്യകാലം വാഴും എന്ന പ്രത്യാശയും വിശ്വാസവും അവർക്ക് ഉണ്ട്. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല എന്ന ക്രിസ്തുവിന്റെ ഉറപ്പേറിയ വാഗ്ദാനം ദൈവമക്കളുടെ ഭയം മുറ്റും അകറ്റി പ്രത്യാശയാൽ അവരുടെ ഹൃദയം നിറയ്ക്കുന്നു. ഇത് വിശ്വസിക്കുന്നുവോ?

ഈ വിശ്വാസത്തെ പരീക്ഷിച്ചു പരിശോധിക്കുവാൻ പല വിധങ്ങളായ എതിർപ്പുകളും പ്രതിസന്ധികളും പരിശോധനകളും ദുഃഖങ്ങളും രോഗങ്ങളുമൊക്കെ ദൈവമക്കൾക്ക് നേരിടേണ്ടിവരുമ്പോഴൊക്കെ "ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെ ഉണ്ട്. എന്റെ അറിവോടും സമ്മതത്തോടുംകൂടെ മാത്രമാകുന്നു ഇതൊക്കെയും നേരിട്ടിരിക്കുന്നത്. അതുകൊണ്ട് പരിഭ്രമിക്കേണ്ട, ഈ പരിശോധന അല്പകാലത്തേക്ക് മാത്രമേയുള്ളൂ. അതിനപ്പുറത്ത് വലിയ അനുഗ്രഹങ്ങൾ ഞാൻ വച്ചിട്ടുണ്ട്. അതുകൊണ്ട് പതറാതെ മുമ്പോട്ട് പോകുക. ഞാൻ നിന്നെ സഹായിക്കും. ഞാൻ നിന്നെ ശക്തീകരിക്കും, എന്റെ ബലം നിനക്കുതരും. എന്റെ കൃപ മാത്രം നിനക്ക് മതി, വിശ്വസിക്കുക. എന്നിൽ മാത്രം ആശ്രയിക്കുക. തളരാതെ മുമ്പോട്ടു പോകുക. 'ഭയ'പ്പെടുത്തുന്ന പിശാചിന്റെ തന്ത്രങ്ങളെ നോക്കരുത്. തിരുവചനമാകുന്ന വാൾ എടുത്ത് അവനെ ഓടിക്കുക. എന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുക. എന്റെ സാന്നിദ്ധ്യവും സാമീപ്യവും മാത്രം അനുഭവിച്ചു ധൈര്യത്തോടെ മുന്നേറുക. നിന്റെ വിശ്വാസം വർദ്ധിപ്പിക്കുവാനും ഉറപ്പിക്കുവാനും ഭാഗ്യകരമായ പ്രത്യാശയിൽ നിന്നെ എത്തിക്കുവാനും ശക്തനും പ്രാപ്തനുമായ എന്നിൽ പൂർണ്ണ ആശ്രയം വയ്ക്കുക, എന്നെ വിശ്വസിക്കുക." ഇങ്ങനെയുള്ള വാക്കുകളാൽ കർത്താവു നമ്മെ ബലപ്പെടുത്തുമ്പോഴുണ്ടാകുന്ന സന്തോഷം, സമാധാനം, ധൈര്യം ഇവയൊക്കെ സകലബുദ്ധിയെയും  കവിയുന്നവയാകുന്നു. മറ്റുളളവർ കണ്ട് അതിശയിച്ചുപോകും. അവർ ചോദിക്കും "നിനക്ക് എങ്ങനെ സാധിക്കുന്നു.? ഇത്ര വലിയ കഷ്ടത്തിൽ ആയിട്ടും നിനക്ക് എങ്ങനെ സന്തോഷിക്കാനാവും" എന്നൊക്കെ. അപ്പോൾ "എന്റെ കർത്താവിൽ ഞാൻ എപ്പോഴും സന്തോഷിക്കും. എല്ലാറ്റിനുംവേണ്ടി ഞാൻ നന്ദി പറയും. ഇടവിടാതെ ഞാൻ എന്റെ കർത്താവുമായി സംസർഗ്ഗം പുലർത്തും. അവൻ എന്നോടു കൂടെ ഉണ്ട്. അത്രമാത്രം മതി എനിക്ക്" എന്നു പറയുവാൻ  ഉള്ള ധൈര്യവും, ബലവും, ശക്തിയും നമുക്ക് ഉണ്ടാകും.

പ്രിയ സഹോദരിമാരേ, നിങ്ങൾ നിസ്സാരകാര്യങ്ങളിൽ പോലും ഭയപ്പെടുന്നവരാകുന്നുവോ?. 'ഭയം' പിശാചിന്റെ തന്ത്രം ആകുന്നു. ക്രിസ്തുവിലായാൽ പിന്നെ ഭയത്തിന് നമ്മളിൽ സ്ഥാനം ഇല്ല. നിങ്ങൾ എന്തിനെയാണ് ഭയപ്പെടുന്നത്? മരണത്തെയല്ലേ? ജനിച്ചാൽ ഒരിക്കൽ മരിക്കണമ

ല്ലോ. മരണാനന്തരം നിങ്ങൾ ക്രിസ്തുവിനോടുകൂടെ മഹത്ത്വത്തിലായിരിക്കും എന്ന പ്രത്യാശ നിനക്കില്ലേ?. നിന്നെ വീണ്ടെടുത്ത കർത്താവിനെ മുഖാമുഖമായി കാണാം എന്ന പ്രത്യാശ നിനക്കില്ലേ?. "ഈ ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനില്ക്കും." എന്നറിയില്ലേ? എന്തെല്ലാം നേരിട്ടാലും മാറാരോഗം ആയാലും കഷ്ടതകൾ ആയാലും പീഡനങ്ങൾ ആയാലും ദാരിദ്ര്യമായാലും "ഭയപ്പെടേണ്ട" എന്നല്ലോ നമ്മുടെ കർത്താവു പറഞ്ഞിരിക്കുന്നത്?. അവനിൽ പൂർണ്ണ ആശ്രയം വയ്ക്കുക. അവനിൽ വിശ്വാസം ഉറപ്പിക്കുക. അവന്റെ വാഗ്ദാനങ്ങളെ ശരണം ആക്കുക. അവനിൽ സന്തോഷിക്കുക. നിനക്കു നേരിട്ടിരിക്കുന്ന പരിശോധനകൾക്കായി സ്തോത്രം ചെയ്യുക. ഇത് അല്പകാലത്തേക്കേ ഉള്ളൂ എന്ന് ഓർക്ക. അവന്റെ കൃപ ധാരാളം അനുഭവിക്കാനുള്ള അവസരമാകുന്നു എന്നോർത്ത് ആശ്വസിക്കുക. നിന്റെ എല്ലാ ഭാരങ്ങളും പ്രയാസങ്ങളും ആവശ്യങ്ങളും ആവലാതികളും അവനിൽ സമർപ്പിച്ച് വിശ്വാസത്തോടെ യാത്ര ചെയ്യുക. അവന്റെ ബലം നിന്റെ സന്തോഷമായിരിക്കട്ടെ! ബലമായിരിക്കട്ടെ! ധൈര്യമായിരിക്കട്ടെ! കർത്താവ് കൃപ നല്കട്ടെ!.

---

(**വേദപുസ്തക വനിതകൾ** - പേജ് 8 ന്റെ തുടർച്ച)

മാതാപിതാക്കളെ അനുസരിക്കാത്ത മക്കൾ. സ്വസ്നേഹത്താൽ സകലരേയും അവഗണിക്കുന്ന ഒരു ദുഷ്ക്കാലം. സ്വാർത്ഥമതികളായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ജീവിക്കുന്ന ഒരു തലമുറ. കാലത്തിന്റെ ചുവരെഴുത്ത് കാണുന്നില്ലേ സ്നേഹിതരേ! ഏലിപുരോഹിതന്റെ കാലത്തും ആത്മീയമൂല്യം ഇന്നത്തെപ്പോലെ നഷ്ടപ്പെട്ടിരുന്നു. അനുസരണംകെട്ട മക്കൾ രണ്ടുപേർ അവർ ചെയ്തിരുന്നകാര്യം ദൈവത്തെ കോപപ്പെടുത്തുന്നതായിരുന്നു. പരിണതഫലം യിസ്രായേലിൽ ഒരു വലിയന്യായവിധി ഉണ്ടായി. യഹോവയുടെ പെട്ടകം പിടിക്കപ്പെട്ടു. ഏലിയും രണ്ടുമക്കളും ധാരാളം യിസ്രായേല്യരും പട്ടുപോയി. ഈ ദുഷ്ക്കാലത്ത് ഹന്നായുടെ പ്രാർത്ഥനകേട്ട് നല്കിയ ശമുവേൽ യിസ്രായേൽ ജനത്തിന് മടങ്ങിവരവ് നല്കി എങ്കിൽ ആ ദൈവം ഇന്നും ജീവിക്കുന്നു.

ദൈവജനത്തിന്റെ മദ്ധ്യേ ഒരു പരിവർത്തനം ആവശ്യമായിരിക്കുന്നു. ഉണരുകയും, ജാഗരിക്കയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഉറങ്ങുന്നവരേ ഉണർന്നു മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേല്ക്കാം. നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിന്റെ പുനരാഗമനം സമാഗതമായി. അവനെ എതിരേല്പാൻ എത്ര വിശുദ്ധിയും ഭക്തിയും ഉള്ളവരായിരിക്കാം. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റ ശക്തിയായ വ്യാപാരം നമ്മുടെ ഇടയിൽ ഉണ്ടാകട്ടെ.

കർത്താവിന്റെ ധന്യമായ നാമം ഇന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ.

# യഹോവ ആരെന്നും തന്റെ കല്പന അംഗീകരിക്കുകയും വേണം

അന്നമ്മ സി. ജോൺ, തിരുവനന്തപുരം

യഹോവ ആരെന്നും അവന്റെ മഹിമ എന്തെന്നും അറിയാതെയാണ് നമ്മിൽ പലരും അവനെ ആരാധിക്കുന്നത്. യഹോവ വലിയവനും ഭയങ്കരനുമാണ്. കൂടാതെ അവൻ ദഹിപ്പിക്കുന്ന അഗ്നിയുമാണ്. ദൈവം പുതിയനിയമത്തിലും പഴയനിയമത്തിലും ഒരാൾ തന്നെയാണ്. തന്റെ മഹിമയ്ക്കും വലുപ്പത്തിനും ഒരു കുറവും സംഭവിച്ചിട്ടില്ല. എന്നാൽ ചരിത്രത്തെ രണ്ടായി തിരിച്ചിരിക്കുന്നു ക്രിസ്തുവിനു മുൻപും, ക്രിസ്തുവിനു പിൻപും. ക്രിസ്തുവിനു മുമ്പുള്ള കാലമല്ല ഇന്ന്. അന്ന് ന്യായപ്രമാണയുഗവും ഇപ്പോൾ കൃപായുഗവുമാണ്. ന്യായപ്രമാണയുഗത്തിലാണ് നാം ജീവിച്ചിരുന്നതെങ്കിൽ നാമൊന്നും ഈ ലോകത്തിൽ അധികനാൾ ജീവിക്കാതെ ദൈവം വാളിന്റെ വായ്ത്തലയാൽ സംഹരിക്കുമായിരുന്നു. അത്ര നികൃഷ്ടന്മാരായി മനുഷ്യൻ മാറിയിരിക്കുന്നു. നോഹയുടെ കാലത്തെപ്പോലെ ജനങ്ങളെ ദൈവം ഒന്നടങ്കമായി നശിപ്പിക്കാതെയിരിക്കുന്നത് തന്റെ ദീർഘക്ഷമയും, മനസ്സലിവും, സ്നേഹവും ഒന്നുമാത്രമാണ്. എന്നാൽ ഈ ദീർഘക്ഷമ എക്കാലവും നിലനില്ക്കണമെന്നില്ല. ഇതിനൊരന്ത്യം ഉണ്ട്. ന്യായപ്രമാണയുഗത്തിൽ പല്ലിനു പകരം പല്ലും, കണ്ണിനുപകരം കണ്ണുമായിരുന്നു ശിക്ഷ.

എന്നാൽ ഇന്ന് കൃപായുഗമായതിനാൽ അവന്റെ ദീർഘക്ഷമയാൽ നാം ജീവിക്കുന്നു. അനീതിക്കുമുന്നിൽ മുഖംതിരിച്ചുപോകുന്നവനല്ല നമ്മുടെ ദൈവം. ഇതിനെല്ലാം ഒരു ന്യായവിധി ഉണ്ട്. സഭാപ്രസംഗി പറയുന്നു "യൗവനക്കാരാ—— സന്തോഷിക്ക, ഇവയെല്ലാം നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്ക് വരുത്തും." ന്യായവിസ്താരം ഉണ്ട്. അത് മറന്നാണ് പലരും ജീവിക്കുന്നത്. വേദപുസ്തകം നന്നായി പഠിക്കുക. മനുഷ്യൻ എങ്ങനെ ജീവിക്കണം? എന്ത് ചെയ്യണം? എന്ത് ചെയ്കവേണ്ട എന്നൊക്കെ പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങൾ എഴുതി മനുഷ്യരുടെ കൈകളിൽ നല്കിയിട്ടുണ്ട്. അതുകൊണ്ടാണ് നാം എങ്ങനെ ജീവിക്കുന്നു എന്നതിന് സമാധാനം പറയേണ്ടത്. ദൈവമേ, എനിക്ക് അറിയില്ലായിരുന്നു എന്ന് പറഞ്ഞ് ഒഴിയുവാൻ സാധ്യമല്ല. അവൻ ഭൂമിക്കു അടിസ്ഥാനം ഇട്ടു. ഈ ലോകത്തിലെ സകലത്തിനും കാരണഭൂതനും സകല പ്രശ്നങ്ങൾക്കും പരിഹാരകനുമായ

വലിയവനായ ദൈവം ആണ്. തന്റെ ഏകജാതനായ പുത്രനെ മനുഷ്യ വർഗ്ഗത്തെ രക്ഷിക്കുവാൻ കുരിശിൽ ബലിയാക്കി ഒരു കൃപായുഗം തുറന്നുതന്നു.

മനുഷ്യർക്ക് ഇഷ്ടാനുസരണം ജീവിക്കുവാനുള്ള യുഗമല്ല ഇത്. നീതിക്കു അടിമയാകണം. നീതിക്കു വിശന്നു ദാഹിക്കണം. നീതിയിൽ തുടരണം. ഇന്ന് അനീതികൊണ്ട് സത്യത്തെ തടുത്തിരിക്കുന്നു. അനീതി കൊടികുത്തി വാഴുന്നു. ഇതെല്ലാം കാണുമ്പോൾ ദൈവം എഴുന്നേല്ക്കും. ഇല്ലെങ്കിൽ ഇന്നത്തെ ജനങ്ങൾ ദൈവത്തെ എഴുന്നേല്പിക്കും. സമയത്തിനുമുമ്പേ ദണ്ഡിപ്പിക്കും. അനേകരുടെ നിലവിളി ദൈവസന്നിധിയിൽ എത്തുന്നുണ്ട്. ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നവനായ ദൈവത്തിന് മറഞ്ഞിരിക്കുന്നതൊന്നുമില്ല. നാം പറയുന്ന ഓരോ വാക്കിനും സമാധാനം പറയേണ്ട കാലം വരുന്നു. വന്നുകൊണ്ടിരിക്കുന്നു. സായുധസമരത്തിനായി കളം ഒരുക്കുന്ന നമ്മുടെ സായുധസമരം തീരണ്ടയോ? അനീതി മേൽതൊട്ട് അടിയോളം നടമാടുന്നു. പ്രതിവിധി കർത്താവിന്റെ ദിനമല്ലാതെ മറ്റൊന്നല്ല. മനുഷ്യർ നന്നാകുകയില്ല, വഷളത്വം പെരുകിക്കൊണ്ടിരിക്കുന്നു. ഈ കൃപായുഗത്തിൽ കൊയ്ത്തോളം വളരുവാൻ കളയെ അനുവദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയേയും കൂരിരുട്ട് ജാതികളേയും മൂടുന്നു. പകൽ കഴിയാറായി, രാത്രിയോടെ നാം അടുക്കുന്നു. ദൈവത്തിന്റെ ക്ഷമ അറ്റുപോയിരിക്കുന്നു. വരവിന്റെ ലക്ഷണങ്ങളും വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ഭൂമിയും അതിന്റെ പൂർണ്ണതയും യഹോവയ്ക്കുള്ളത്.

എന്നാൽ ഇതിലൊക്കെയും ഭാഗ്യമുള്ള ഒരു ജനം ഉണ്ട്. യഹോവ ദൈവമായിരിക്കുന്ന ജനം ഭാഗ്യമുള്ളത്. യഹോവയെയും അവന്റെ നന്മയെയും തിരയുക. അതാണ് ഭാഗ്യത്തിന്റെ കാരണം. ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ. കല്പന ലംഘനം പാപം ആണ്. ദൈവകല്പനയാണ് വെള്ളത്തിൽ മുങ്ങിയുള്ള സ്നാനം. അത് കലക്ക വെള്ളത്തിൽ മുങ്ങിയതായി ആരും കരുതരുത്. തെളിഞ്ഞവെള്ളത്തിൽ മുങ്ങിയാൽ മതിയാകും. ദൈവം മാതൃക വെച്ചേച്ചു പോയതായി നാം പറയും. ദൈവത്തിന്റെ മാതൃകയും കല്പനയുമാണ് സ്നാനം. അത് നാം സ്വീകരിക്കണം. കല്പന ലംഘനത്തിന് ശിക്ഷയുണ്ട്. പാപം ഏറ്റുപറഞ്ഞു യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതുകൊണ്ട് പാപം ക്ഷമിക്കപ്പെടും. എന്നാൽ ദൈവത്തിന്റെ കല്പനയായ സ്നാനം ശിശുസ്നാനമല്ല, വിശ്വാസസ്നാനമാണ്. ലംഘനം ക്ഷമിച്ചിട്ടില്ലായെന്ന് നാം ഓർക്കണം. കർത്താവിനുവേണ്ടി അഥവാ താൻ വച്ച മാതൃകയായ തന്റെ കല്പന അനുസരിക്കാത്തവർ എങ്ങനെ നീതീകരിക്കപ്പെടും. കർത്താവിനെ അനുസരിക്കുന്നവർ വെള്ളത്തിൽ മുങ്ങുക മാത്രമല്ല, തോട്ടിപ്പണിയും ചെയ്യുവാൻ ഒരുക്കമായിരിക്കണം. (പേജ് 27-ൽ തുടരുന്നു ⟶)

# വാർദ്ധക്യത്തിലെ നൊമ്പരങ്ങൾ

സുവി.ജോസഫ് ഇടക്കാട്ടിൽ

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടരുന്നു)

## പ്രിയ മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക്

വാർദ്ധക്യം ദൈവിക പദ്ധതിയുടെ അനിവാര്യമായ ഒരു ഭാഗമാണ്. അതിനെ നമുക്ക് ഇഷ്ടമില്ലെങ്കിൽ പോലും അംഗീകരിക്കുകയേ നിവൃത്തിയുള്ളൂ. വാർദ്ധക്യം വേദനാജനകമായിത്തീരുന്നത് പലപ്പോഴും അവരുടെ തന്നെ മുൻചെയ്തികളുടെ ഫലമാണ്. എന്നാൽ പ്രായമായവർ അനുഭവിക്കുന്ന കഷ്ടതകളിൽ ഭൂരിഭാഗവും അവരുടെ കുഴപ്പംകൊണ്ട് സംഭവിക്കുന്നതല്ല.

നമുക്ക് പ്രായമായിവരുകയാണെന്ന് നാം മാനസികമായി അംഗീകരി ക്കണം. അതിനർത്ഥം നമ്മുടെ ജോലിയിൽ ഉഴപ്പണമെന്നല്ല. ജോലി സമയം കുറച്ച് കൂടുതൽ വിശ്രമിക്കണമെന്നല്ല. പ്രായാധിക്യത്താൽ നരയ്ക്കുന്ന മുടി കറുപ്പിക്കരുത്. താൻ വെറും പോളിഷിലാണല്ലോ ജീവിക്കുന്നതെന്ന സ്വയനിന്ദ ഉണ്ടാകാനേ ഇതു ഉപകരിക്കുകയുള്ളൂ. ചെറുപ്പത്തിലേ കഷണ്ടി കയറിയാൽ അത് മറയ്ക്കുവാൻ ശ്രമിക്കുന്നത് തെറ്റില്ല. അതുപോലെ പ്രായത്തിനനുസരിച്ച വസ്ത്രധാരണമേ ആകാവൂ. പള്ളിയിൽ പോകു മ്പോഴും പൊതുജനമദ്ധ്യേ ഇറങ്ങുമ്പോഴുമൊക്കെ പ്രായമായവർ ചെറുപ്പ ക്കാരെപ്പോലെ വസ്ത്രം ധരിക്കരുത്.

നമുക്കുണ്ടാകുന്ന ശാരീരിക ബലഹീനതകൾ നാം മനസ്സിലാക്കണം. എന്നാൽ ഒരിക്കലും നമ്മുടെ ഗാരണ്ടി പീരീഡ് കഴിഞ്ഞുവെന്ന് ചിന്തിക്കരുത്. ചെറുപ്പക്കാർപോലും പെട്ടെന്ന് തട്ടിപ്പോകുന്ന ഈ കാലഘട്ടത്തിൽ എനിക്ക് പ്രായമായിത്തുടങ്ങി അതുകൊണ്ട് ഏത് നിമിഷവും ഞാൻ മരിച്ചുപോയേക്കാം എന്ന് ചിന്തിക്കുന്നതിൽ അർത്ഥമില്ല. നമ്മുടെ വാർദ്ധകൃത്തിൽ സമാധാനത്തോടെ ജീവിക്കുവാൻ വാർദ്ധകൃത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് അതായത് മധ്യവയസ്ക്കൻ ആയിരിക്കുമ്പോൾ ത്തന്നെ ചില മുൻകരുതലുകൾ നമുക്ക് ചെയ്യാവുന്നതാണ്.

നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുവാനാണ് കർത്താവ് പറയുന്നത്. നിന്നെക്കാളേറെ നീ ആരെയും സ്നേഹിക്കേണ്ട കാര്യമില്ല. മക്കളെയും ജീവിതപങ്കാളിയെയുമൊക്കെ നിന്നെപ്പോലെതന്നെ

സ്നേഹിച്ചാൽ മതി. മക്കൾക്കുവേണ്ടി വണ്ടിക്കാളകളെപ്പോലെ കഠിനാദ്ധ്വാനം ചെയ്തതുകൊണ്ടൊന്നും നമ്മുടെ വാർദ്ധക്യത്തിൽ അവർ നമ്മളെ പരിപാലിക്കുമെന്ന് കരുതരുത്. ശരിയായി ഉണ്ണാതെയും ഉറങ്ങാതെയും ചോരയും നീരും ആകുന്നകാലത്ത് മക്കൾക്കുവേണ്ടി ചെലവഴിച്ച് പ്രായമാകുമ്പോൾ മക്കളാൽ ഉപേക്ഷിക്കപ്പെടുന്നതിന്റെ വേദന പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. അങ്ങനെ സംഭവിക്കാതിരിക്കാൻ വേണ്ടി ഭാവിയിലേക്ക് സ്വത്ത് സ്വരൂപിക്കാനുള്ള അത്യാഗ്രഹവും അതിനുവേണ്ടിയുള്ള മരണ വെപ്രാളവും ഒഴിവാക്കണം. ഇങ്ങനെ അദ്ധ്വാനിച്ചുണ്ടാക്കുന്നത് നമുക്ക് വയസ്സുകാലത്ത് അനുഭവിക്കുവാൻ കഴിയുമെന്ന് ഒരുറപ്പും ഇല്ലാത്തതുകൊണ്ട് ഒരിക്കലും ഓവർടൈം വേല ചെയ്തേക്കരുത്. കർത്താവിന്റെ വേലയ്ക്ക് കൊടുക്കുവാൻ വേണ്ടി മാത്രം അല്പം ഓവർടൈം വേല ചെയ്യാം.

ഏറ്റവും പ്രധാനപ്പെട്ട കാര്യം നമ്മുടെ വീട്ടിൽ പ്രായാധിക്യത്തിലുള്ളവരുണ്ടെങ്കിൽ അവരെ ക്ഷമയോടെയും സ്നേഹത്തോടെയും മധ്യവയസ്ക്കരായ മക്കൾ പരിചരിക്കണം. ഇത് കൊച്ചുമക്കൾ നേരിൽ കണ്ട് മനസ്സിലാക്കുമല്ലോ. തീർച്ചയായിട്ടും ഇതിന് പ്രതികരണവും പ്രതിഫലവും ഉണ്ടാകും. അതല്ല, നമ്മൾ നമ്മുടെ അപ്പച്ചനെ വൃദ്ധസദനത്തിലേക്ക് വലിച്ചെറിഞ്ഞാൽ അവിടെ തന്നെ ഒരു മുറി നമുക്കുവേണ്ടി നേരത്തെ ബുക്ക് ചെയ്തിടുന്നത് നല്ലതാണ്. കാരണം നമ്മുടെ മക്കൾക്ക് നമ്മളെ വൃദ്ധസദനങ്ങളിൽ കൊണ്ടുചേർക്കാനുള്ള സമയം അന്ന് കാണുകയില്ല.

നമ്മുടെ ആത്മീയജീവിതം പ്രായമാകുന്നതനുസരിച്ച് ശക്തിപ്രാപിക്കുകയാണ് വേണ്ടത്. അമ്പതുകളിൽ നമ്മൾ പ്രവേശിക്കുന്നതോടുകൂടി യൗവനമോഹങ്ങളാൽ പിശാചിന് നമ്മളെ സ്വാധീനിക്കാനുള്ള അവസരം കുറയുന്നു. അതായത് കൂടുതൽ കർത്താവിനോട് അടുക്കുവാനുള്ള അവസരം വന്നുചേരുന്നു. ഈ പ്രായമാകുമ്പോഴേക്കും പിശാചിനോടുള്ള പോരാട്ടത്തിൽ നല്ല പരിചയസമ്പന്നനായി നമ്മൾ മാറിയിരിക്കും. അതായത് ആത്മീയ മണ്ഡലത്തിലുള്ള സഹോദരന്മാരെ പ്രത്യേകിച്ച് യുവാക്കളെ ആത്മീയ പോരാട്ടത്തിനായി പരിശീലിപ്പിക്കുവാനുള്ള ശേഷി നാം നേടിയിരിക്കണം.

പ്രായത്തെ നേരിടുവാനുള്ള ഏറ്റവും ശക്തമായ ആയുധം സുവിശേഷപ്രവർത്തനങ്ങളിൽ സമ്പൂർണ്ണമായി മുഴുകുകയെന്നതാണ്. ഭൗതിക ജോലിയിൽ നിന്ന് പെൻഷൻപറ്റിയെന്ന് കരുതി വീടിനുള്ളിൽ ചുരുങ്ങികൂടുന്നവർക്ക് പെട്ടെന്ന് പ്രായം വർദ്ധിക്കും. കേവലം കുറച്ച് ട്രക്റ്റ് സംഘടിപ്പിച്ച് വിതരണം ചെയ്യുന്നതുമാത്രമല്ല സുവിശേഷപ്രവർത്തനം. ഒരു പ്രദേശത്തെ സുവിശേഷീകരണം ഒരു വെല്ലുവിളിയായി സ്വീകരിച്ച് ഒറ്റയ്ക്കോ ടീമായിട്ടോ പ്രവർത്തനം നടത്തണം. ആളുകളെ നേരിൽകണ്ട് വ്യക്തി പരമായി സുവിശേഷം പങ്കിടണം. അവരെ യേശുവിന്റെ സ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കും കൊണ്ടുവരണം.

നശിച്ചുപോകാമായിരുന്ന മൂന്നോ നാലോ പേരെ യേശുവിങ്കലേക്കു എത്തിക്കുവാൻ കഴിഞ്ഞാൽത്തന്നെ നമ്മുടെ വാർദ്ധക്യം സമാധാനത്തോടെ കഴിയാനുള്ള വകയായി. ഇങ്ങനെ വ്യക്തിപരമായി എന്തെങ്കിലുമൊരു നേട്ടം ആത്മീയജീവിതത്തിന്റെ സായാഹ്നങ്ങളിൽ നാം സമ്പാദിച്ചിരിക്കണം.

പ്രായമായവരുടെ ജീവിതത്തെ വേദനാജനകമാക്കുന്ന ഒരു പ്രധാനഘടകം ആത്മീയകൂട്ടായ്മകളിൽ വേണ്ടതുപോലെ പങ്കെടുക്കുവാൻ കഴിയാത്ത അവസ്ഥ വന്നു ചേരുന്നതാണ്. ഈ അവസ്ഥ പരിഹരിക്കുവാൻ അപ്പച്ചന്മാർതന്നെ മനസ്സുവയ്ക്കണം. ചിലർ നടന്നുപോകുവാൻ കഴിയുന്ന കാലത്ത് മാത്രമെ ആരാധനയ്ക്കും മറ്റ് കൂട്ടായ്മകൾക്കും പോകുകയുള്ളൂ. ഇത് അവരെ ശാരീരികമായി മാത്രമല്ല മാനസികമായും ക്ഷീണിപ്പിക്കും. നടക്കുവാൻ കഴിയാത്തവർ വാഹനത്തിൽ എത്തണം. ഇതിനായുള്ള സാമ്പത്തികം നാം നമ്മുടെ നല്ല പ്രായത്തിൽ അദ്ധ്വാനിച്ചതിൽ നിന്ന് കരുതിവയ്ക്കണം. നടക്കാൻ കഴിയില്ലെങ്കിൽ രണ്ട് മണിക്കൂർ ഇരിക്കുവാൻ (കസേരയിലായിരുന്നാലും കുഴപ്പമില്ല) കഴിയുന്ന എല്ലാവരും എല്ലാ ആത്മീയകൂട്ടായ്മകളിലും സജീവമായി പങ്കെടുക്കണം. ആത്മീയ കൂട്ടായ്മ എന്നു പറയുമ്പോൾ സങ്കുചിതമായ സഭാ വ്യത്യാസങ്ങൾ ഈ പ്രായത്തിലെങ്കിലും നമ്മൾ കൈവെടിയണം. ശക്തമായ ഒരു സാമൂഹ്യബന്ധം സ്ഥാപി ച്ചെടുക്കുക എന്നതും ഏറ്റവും പ്രധാനമാണ്. ജാതിമതസഭാ വ്യത്യാസ മില്ലാതെ സമപ്രായക്കാരുമായും ചെറുപ്പക്കാരുമായുമെല്ലാം നല്ല ഒരു സുഹൃത്ത്ബന്ധം സ്ഥാപിച്ചെടുക്കണം. ഇത് നമ്മൾ ആരോഗ്യമുള്ള കാലത്തു തന്നെ സ്ഥാപിച്ചെടുക്കണം. സാമൂഹ്യബന്ധമില്ലാതെ ജീവിച്ച ഒരു ഉന്നത ഉദ്യോഗസ്ഥന്റെ ഭാര്യ മരിച്ചപ്പോൾ നാട്ടുകാർ ഒരു പാഠം പഠിപ്പിച്ചത് നേരിട്ടറിയാം. സാക്ഷരതാ പ്രവർത്തനങ്ങൾ, മെഡിക്കൽക്യാമ്പ് തുടങ്ങിയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട് പൊതുജനസമ്പർക്കം സൃഷ്ടിക്കാ വുന്നതാണ്. പാലിയേറ്റീവ് കെയർ യൂണിറ്റുകളുമായി വല്ലപ്പോഴുമെങ്കിലും സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

മറ്റ് മതക്കാരെല്ലാം അവരുടെ ആരാധനാലയങ്ങളിൽ സായാഹ്ന ങ്ങളിൽ ഒത്തുകൂടാറുണ്ട്. ഹൈന്ദവരുടെ തീർത്ഥാടനകേന്ദ്രങ്ങളിൽ സ്ഥിര മായി താമസിക്കുന്ന വൃദ്ധജനങ്ങളുണ്ട്. അതുപോലെ നാലുമണിയായാൽ മുസ്ലീങ്ങളുടെ പള്ളികളിൽ പ്രായമായവരുടെ വലിയ കൂട്ടത്തെ കാണാം. പ്രാർത്ഥന കഴിഞ്ഞ് അവർ രാത്രിവരെ അവിടെയിരുന്ന് വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും പങ്കുവയ്ക്കുകയും ചെയ്യും. ഇതിനൊന്നും ലീഡ് ചെയ്യു വാൻ നേതാവില്ല. പ്രത്യേക അജണ്ടയുമില്ല. എന്നാൽ ക്രിസ്ത്യാനികൾക്ക് ഇത്തരത്തിലുള്ള ഒരു കൂട്ടായ്മയില്ലാത്തത് വളരെ പ്രയാസം ഉണ്ടാക്കുന്നു. മുൻകൂട്ടി നിശ്ചയിച്ച മീറ്റിംഗുകൾക്ക് മാത്രമേ ക്രിസ്ത്യാനികൾ പള്ളിയിൽ പോകാറുള്ളൂ. അതും മുള്ളിൽ നില്ക്കുന്നതു പോലെയാണ്. ആശീർവാദം പറയുന്നതും നമ്മൾ പുറത്തേക്ക് ചാടുന്നതും ഒന്നിച്ചായിരിക്കും.

ഇതിനൊക്കെ മാറ്റം വരുത്തണം. ഒറ്റയ്ക്കൊരു തുരുത്തിൽ ജീവിക്കാതെ എല്ലാവരുമായി എപ്പോഴും ഇടകലർന്ന് ക്ഷേമാന്വേഷണം നടത്തി ഒരു സാമൂഹ്യജീവിയായി മാറണം. നമ്മുടെ ആരാധനാലയങ്ങൾ ഏതു നേരത്തും തുറന്നുകിടക്കട്ടെ. പാസ്റ്ററും കുടുംബവും സ്ഥലത്തില്ലെങ്കിലും വിശ്വാസി കൾക്ക് എപ്പോഴും കടന്നുവന്നു പ്രാർത്ഥിക്കുവാനും സമ്മേളിക്കുവാനും എന്തിന് വിശ്രമിക്കുവാൻ പോലുമുള്ള ഒരു സ്ഥലമായിരിക്കണം നമ്മുടെ സഭാഹാളുകൾ.

പ്രായമായവരോട് ഉപദേശിക്കാനുള്ള മറ്റൊരു കാര്യം ചുമ്മാ ഒരു വിശ്രമജീവിതം നയിക്കരുത് എന്നാണ്. വിശ്രമിക്കാനായിട്ട് ജീവിക്കരുത്. എല്ലായ്പ്പോഴും ബിസിയായിരിക്കുക എന്നത് വാർദ്ധ്യത്തിലെ ഒറ്റപ്പെടലിനൊരു മറുമരുന്നാണ്. ബൈബിൾ വായിച്ചു ധ്യാനിക്കാം. വിദ്യാഭ്യാസമുള്ളവരാണെങ്കിൽ വ്യാഖ്യാനഗ്രന്ഥങ്ങൾ വച്ച് നല്ല പ്രസംഗക്കുറിപ്പുകൾ തയ്യാറാക്കാം. ക്രിസ്ത്യൻ മാസികകളിലേക്ക് ലേഖനങ്ങൾ തയ്യാറാക്കി അയയ്ക്കാം. പിന്നിട്ട വഴിത്താരകളിൽ നാഥൻ നടത്തിയ വിധങ്ങൾ കുറിച്ചുവെച്ച് നല്ലൊരു ആത്മകഥ തയ്യാറാക്കാം. എഴുതുകയും വായിക്കുകയും ചെയ്യുന്നത് ശീലമാക്കിയാൽ നല്ല ഭാഷാശുദ്ധി താനേ കൈവരും. വാർദ്ധക്യത്തിലെ ബോറടി അവസാനിക്കുകയും ചെയ്യും.

ജീവിതത്തിൽ ഭാരങ്ങളും ദുഃഖങ്ങളും അധികരിക്കുമ്പോൾ എല്ലാ മനുഷ്യരും ആകുലചിത്തരായിത്തീരാറുണ്ട്. പ്രായമായവർക്ക് ഇത്തരം ആകുലചിന്ത അധികമായിരിക്കും. കാരണം ആകുലത ഉണ്ടാക്കുന്ന പ്രശ്നങ്ങൾക്ക് മാനുഷികമായി പോക്കുവഴി കണ്ടെത്തുവാനുള്ള ശേഷി പ്രായമായ വർക്ക് ചിലപ്പോൾ ഉണ്ടായെന്ന് വരികയില്ല. പൂർണ്ണമായും നിസ്സഹായാ വസ്ഥയിൽ എത്തിച്ചേരുന്ന ഇവർക്ക് പിന്നെ ഒറ്റ വഴിയെ അവശേഷിക്കു ന്നുള്ളൂ. സകല ചിന്താകുലവും നമ്മുടെ കർത്താവിന്റെമേൽ ഇട്ടുകൊൾക. കർത്താവേ അടിയൻ അശക്തനാണ്. സമ്പൂർണ്ണമായി അടിയനെ അങ്ങയുടെ കരങ്ങളിലേക്കു ഏല്പിച്ചു തരുന്നു എന്ന് നമുക്ക് പ്രാർത്ഥിക്കാം. അങ്ങനെ വാർദ്ധക്യത്തിലെ നൊമ്പരങ്ങളിൽ നിന്ന് രക്ഷനേടാനുള്ള പ്രധാന മാർഗ്ഗം പ്രാർത്ഥനയിൽ ഉറ്റിരിക്കുക എന്നതാണ്. നമ്മുടെ ആത്മാവിനെ കർത്താവ് തിരികെ ചേർക്കുന്നതുവരെ പ്രാർത്ഥനയുടെ തണലിൽ ജീവിക്കുവാൻ കഴിഞ്ഞാൽ അത് ഒരു വലിയ ആശ്വാസമാണ്.

നരച്ച തല ശോഭയുള്ള കിരീടമാകുന്നു;
നീതിയുടെ മാർഗത്തിൽ അതിനെ പ്രാപിക്കാം.
(സദൃശവാക്യങ്ങൾ 16:31)

# യൂദാ ഇസ്കര്യോത്താ

സി.സി.ജോർജ്ജ്, തിരുവനന്തപുരം

തിരുവെഴുത്തിൽ ഏഴ് വ്യക്തികൾ യൂദാ എന്ന പേരിൽ അറിയപ്പെടുന്നുണ്ട്. അവർ യഥാക്രം യേശുവിന്റെ പിതാമഹൻ യൂദാ (ലൂക്കൊ.3:30), ഇസ്കര്യോത്താ യൂദാ (മത്താ.10:4, 26:14-18), യാക്കോബിന്റെ മകനായ യൂദാ (ലൂക്കൊ. 6:16, അപ്പൊ.പ്ര.1:13), ഗലീലക്കാരനായ യൂദാ (അപ്പൊ. പ്ര.5:37), പൗലൊസിന് ആതിഥ്യം നല്കിയ ദമസ്ക്കോസുകാരനായ യൂദാ (അപ്പൊ.പ്ര.9:11), ബർശബാസ് എന്ന യൂദാ (അപ്പൊ.പ്ര.15:22), യേശുവിന്റെയും യാക്കോബിന്റെയും സഹോദരനായ യൂദാ (മത്തായി13:55, മർക്കൊ.6:3) എന്നിവരാണ്. ഇവരിൽ യൂദാ ഇസ്കര്യോത്താ ആണ് നമ്മുടെ പഠന വിഷയം.

യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഏകസ്ഥാനീയനാണ് ഈ യൂദാ. അവരുടെ പണസഞ്ചി സൂക്ഷിപ്പുകാരൻ (ഖജാൻജി) ആയിരുന്നു. ഗലീലയ്ക്കു വെളിയിൽ നിന്നുള്ള ഏകശിഷ്യൻ (യഹൂദ്യയിൽ നിന്നുള്ള) യൂദാ ഇസ്കര്യോത്താ തന്നെ. ഇദ്ദേഹത്തെ കർത്താവ് എവിടെവച്ച് എപ്പോൾ തിരഞ്ഞെടുത്തു എന്നത് വ്യക്തമല്ല. എന്നാൽ യൂദായെയും തിരഞ്ഞെടുത്തു എന്നത് സത്യം തന്നെ. സുവിശേഷങ്ങളിൽ പന്ത്രണ്ട് ശിഷ്യന്മാരുടെ പേരുകൾ പറയുമ്പോൾ ശീമോൻ പത്രൊസിന്റെ പേരു ആദ്യമേയും യൂദാ ഇസ്കര്യോത്തിന്റെ പേര് അവസാനവും ചേർത്തിരിക്കുന്നതിനാൽ ഒരു പക്ഷേ കർത്താവ് പന്ത്രണ്ടാമനായി തിരഞ്ഞെടുത്ത വ്യക്തി ഈ യൂദാ ആയിരിക്കാം എന്ന അഭിപ്രായവും ഇല്ലാതില്ല. ''ഇസ്കര്യോത്താ'' എന്ന വാക്കിന് ''കെരീയോത്തിൽ നിന്നുള്ളവൻ'' (the man from Kerioth) എന്നാണ് ആ നിലയിൽ തന്റെ ജന്മസ്ഥലം കെരീയോത്ത് - ഹാസോർ ആയിരിക്കാം. എന്നിരുന്നാലും കർത്താവിന്റെ ബാക്കി പതിനൊന്ന് ശിഷ്യന്മാരും സ്വർഗ്ഗരാജ്യത്തിൽ പേർ എഴുതപ്പെട്ടവരും കർത്താവിൽ പ്രസിദ്ധരും ആയിത്തീർന്നപ്പോൾ യൂദാ സ്വർഗ്ഗരാജ്യത്തിന് അനർഹനും തന്റെ പ്രവൃത്തി മുഖാന്തരം കുപ്രസിദ്ധനുമായിത്തീരുന്നു. ഈ യൂദായുടെ വീഴ്ചയ്ക്ക് നിദാനമായ ചിലകാര്യങ്ങൾ ചിന്തിക്കാം.

**1. അവൻ യേശുവിന്റെ ദൈവത്വത്തെ നിന്ദിച്ചു.**

യേശുക്രിസ്തു യഥാർത്ഥ ദൈവപുത്രനാണെന്ന് മറ്റു ശിഷ്യന്മാരെപ്പോലെ യൂദാ ഇസ്കര്യോത്തയ്ക്കും അറിയാമായിരുന്നു. ഫിലിപ്പിന്റെ കൈസര്യത്തിൽ വച്ചുള്ള ശീമോൻ പത്രൊസിന്റെ പ്രഖ്യാപനവും, മറുരൂപമലയിൽവച്ച് യേശുവിനുണ്ടായ രൂപാന്തരവും യൂദായ്ക്ക് അറിവുള്ള

തായിരുന്നു. മാത്രമല്ല ഞാനും പിതാവും ഒന്നാകുന്നുവെന്നും എന്നെ കണ്ടിരി ക്കുന്നവൻ പിതാവിനെ കണ്ടിരിക്കുന്നുവെന്നുള്ള യേശുവിന്റെ പ്രഖ്യാപനവും അവകാശവാദങ്ങളും യൂദായും അറിഞ്ഞിരുന്നു. എന്നിട്ടും ഗുരുവിനെയും സഹശിഷ്യന്മാരെയും വഞ്ചിച്ചു ഒരു യഥാർത്ഥ ഗുരുഭക്തനെപ്പോലെ ഗുരുവിനെ അനുഗമിക്കയായിരുന്നു. പ്രവൃത്തിയിലും സംസാരത്തിലും തന്നെ ആരും സംശയിച്ചിരുന്നില്ല. പക്ഷേ സമയമായപ്പോൾ എല്ലാം വെളിപ്പെട്ടു. തന്റെ തനിനിറം പുറത്തായി, ചിലർ ചെയ്യുന്നതുപോലെ ഗുരുവിനൊ പ്പമുണ്ടായിരുന്ന മൂന്നരവർഷവും മുഖസ്തുതി പറഞ്ഞും സുഖിപ്പിച്ചു മായിരുന്നില്ലേ യൂദാ ജീവിച്ചത്? ജീവദാതാവായ ക്രിസ്തുവിനെ ഒറ്റിക്കൊ ടുത്തു കൊണ്ട് തന്റെ ദൈവത്വത്തെ യൂദാ നിന്ദിച്ചു.

**2. അവൻ യേശുവിന്റെ അത്ഭുതപ്രവൃത്തികളെ നിന്ദിച്ചു.**

യൂദാ യേശുവിന്റെ ദൈവത്വത്തെ മാത്രമല്ല തന്റെ അത്ഭുത പ്രവൃത്തികളെയും നിന്ദിച്ചു. കാനാവിലെ കല്യാണത്തിന് വെള്ളത്തെ വീഞ്ഞാക്കി ആരംഭിച്ച തന്റെ എല്ലാ അത്ഭുതപ്രവൃത്തികളിലും യൂദായും ഉൾപ്പെട്ടിരുന്നു. ഈ അത്ഭുതങ്ങളെല്ലാം തന്നെ ദൈവത്തിന് മാത്രം ചെയ്യാവുന്ന കാര്യമാണ്. അത് യൂദായ്ക്ക് നല്ലവണ്ണം അറിയാമായിരുന്നു. മാത്രമല്ല അഞ്ചപ്പവും, രണ്ട് മീനും കൊണ്ട് പതിനായിരങ്ങളെ പോഷിപ്പിച്ച് ശേഷിച്ച കുട്ടകൾ നിറച്ചെടുത്തപ്പോൾ ഒരു കുട്ട യൂദായ്ക്കും കിട്ടിയതാണ്. കൂടാതെ സുവിശേഷം അറിയിക്കുവാനും, ഭൂതങ്ങളെ പുറത്താക്കുവാനുമൊക്കെ ശിഷ്യന്മാരെ കർത്താവ് പറഞ്ഞയച്ചപ്പോൾ ആ നിയോഗം തനിക്കും ലഭിച്ചതാണ്. ചുരുക്കിപ്പറഞ്ഞാൽ യൂദായും സുവിശേഷം അറിയിക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തിരിക്കാം. എന്നാൽ യേശുവിന്റെ അത്ഭുതപ്രവൃത്തികളെയും, താൻ ചെയ്ത അത്ഭുതപ്രവൃത്തികളെയും നിന്ദിച്ചു സ്വയം നിന്ദിതനായിത്തീർന്നു.

**3. യേശുവിന്റെ ഉപദേശങ്ങളെ യൂദാ നിന്ദിച്ചു.**

ഗിരിപ്രഭാഷണം, ഒലിവുമലയിൽ വച്ചുള്ള പ്രഭാഷണം, മാളിക മുറിയിൽ വച്ചുള്ള പ്രഭാഷണം ഇവയാണ് യേശുവിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രഭാഷണങ്ങൾ. ഇവ കൂടാതെ മറ്റു ചെറിയ പ്രഭാഷണങ്ങളും താൻ നടത്തിയിട്ടുണ്ട്. ഇവയിലെല്ലാം തന്നെ സകലമനുഷ്യരും അനുവർത്തിക്കേണ്ട തത്ത്വസംഹിതകൾ താൻ ഉപദേശരൂപേണ നല്കുകയുണ്ടായി. രക്ഷാമാർഗ്ഗ ത്തെപ്പറ്റിയും, അനുദിന ക്രിസ്തീയ ജീവിതത്തെപ്പറ്റിയും, മനുഷ്യനും ദൈവ വുമായുള്ള ബന്ധത്തെപ്പറ്റിയും, ഭാവികാലത്തെപ്പറ്റിയും സ്വർഗ്ഗത്തെപ്പറ്റിയും, നരകത്തെപ്പറ്റിയും ഉള്ള ഉപദേശങ്ങളാണ് മുഖ്യമായും ആ തത്ത്വസംഹിത കളിൽ അടങ്ങിയിരുന്നത്. ഈ ഉപദേശങ്ങൾ കൂടിവന്ന ജനങ്ങൾക്കുവേണ്ടി മാത്രമായിരുന്നില്ല, ശിഷ്യന്മാർക്കും വേണ്ടിയായിരുന്നു. ആ നിലയിൽ യൂദായ്ക്കും ബാധകമായിരുന്നു. മറ്റു ശിഷ്യന്മാരും കൂടിവന്ന ഒരു വലിയ ജനസമൂഹവും അത് വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്തു. എന്നാൽ ഈ ഉപദേശങ്ങൾ കേട്ടുനിന്ന പരീശന്മാർ ഇത് കഠിനവാക്ക് എന്നു പറഞ്ഞു

പിൻവാങ്ങിപ്പോവുകയായിരുന്നു. പിൻവാങ്ങിപ്പോയ പരീശന്മാരും യൂദായും തമ്മിൽ എന്ത് വ്യത്യാസം? ക്രിസ്തുവിന്റെ ഉപദേശത്തെ അവൻ നിന്ദിച്ചു.

**4. യേശുവിന്റെ മുന്നറിയിപ്പുകൾ യൂദാ നിന്ദിച്ചു.**

ക്രിസ്തുവിന്റെ ദൈവത്വവും, അത്ഭുതപ്രവൃത്തികളും, ഉപദേശങ്ങളും മാത്രമല്ല അവന്റെ മുന്നറിയിപ്പുകളും യൂദാ നിന്ദിച്ചു. ക്രിസ്തുവിന്റെ സംസാരത്തിൽകൂടിയും പ്രവൃത്തികളിൽ കൂടിയും താൻ ആരെന്ന് യൂദാ അറിഞ്ഞിരുന്നു. മാത്രമല്ല ചില മുന്നറിയിപ്പുകളും യൂദായോടുള്ള ബന്ധത്തിൽ യേശു നല്കുകയുണ്ടായി. പന്തിരുവരുടെ മദ്ധ്യത്തിൽവച്ച് നിങ്ങളിൽ ഒരുത്തൻ ഒരു പിശാചാകുന്നുവെന്നും, നിങ്ങളിൽ ഒരുത്തൻ എന്നെ ശത്രുക്കൾക്ക് കാണിച്ചുകൊടുക്കുമെന്നും യൂദായെ ഉദ്ദേശിച്ച് കർത്താവ് പറഞ്ഞപ്പോൾ ശിഷ്യന്മാർക്ക് മനസ്സിലായില്ല. ആ വ്യക്തി ആരെന്ന് അവർ തമ്മിൽ തമ്മിൽ ചോദിച്ചു തുടങ്ങി. എന്നാൽ ആ വ്യക്തിക്ക് അയ്യോ കഷ്ടം, അവൻ ജനിക്കാതിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നുള്ള മുന്നറിയിപ്പുകൾ തന്നെക്കുറിച്ചു തന്നെയാണെന്ന് യൂദായ്ക്ക് അറിയാ മായിരുന്നു. കാരണം യേശു ഈ മുന്നറിയിപ്പ് നല്കുന്നതിന് മുൻപുതന്നെ യൂദാ പണം വാങ്ങി (30 വെള്ളിക്കാശ്) മഹാപുരോഹിതന്മാരുമായി യേശുവിനെ കാണിച്ചു കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞൊത്തിരുന്നു (മത്തായി 26:15). നീ ചെയ്യാനുള്ളത് വേഗത്തിൽ ചെയ്യുക എന്ന് കർത്താവ് പറഞ്ഞപ്പോഴും യൂദാ കുലുങ്ങിയില്ല.

മൂന്നരവർഷക്കാലം കർത്താവിനോടൊപ്പവും കർത്താവിനെകൂടാതെ മറ്റു ശിഷ്യന്മാരോടൊപ്പവും സുവിശേഷത്തിന്റെ വാഹകനായി പലസ്തീനി ലുടനീളം സഞ്ചരിച്ച ക്രിസ്തുശിഷ്യനായ യൂദാ ഇസ്കര്യോത്തിന് സംഭവിച്ച ദാരുണമായ അന്ത്യം എത്ര ഭയാനകമാണ്. ഒരു പക്ഷേ യൂദായെ കർത്താവ് തിരഞ്ഞെടുത്തതും, യൂദാ ചെയ്തതും, തിരുവെഴുത്തുകളുടെ നിവൃത്തി യായിരുന്നു എന്ന് നാം സമാശ്വസിച്ചേക്കാം. എന്നാൽ ഒരു മുന്നറിയിപ്പും ബുദ്ധി ഉപദേശവും സകലവിശ്വാസികൾക്കും (പ്രത്യേകിച്ച് സുവിശേഷക ന്മാർക്ക്) ഇതിലുണ്ട്. യൂദായെപ്പോലെ കപടഭക്തിവേഷം കെട്ടി നാം നന്നായി അഭിനയിച്ചു എന്നു വരാം. കൂട്ടുപ്രവർത്തകരോ, മേലാധികാരികളോ നാം അഭിനയിക്കുകയാണെന്ന് മനസ്സിലാക്കിയെന്ന് വരില്ല. എന്നാൽ നാം കാണുന്ന കണ്ണുകളേക്കാൾ നമ്മെ കാണുന്ന കണ്ണുകളാണ് കൂടുതൽ എന്ന് അറിഞ്ഞിരിക്കുന്നത് നന്ന്. അങ്ങനെയുള്ളവരോട് ഞാൻ നിന്നെ അറിയുന്നില്ല എന്ന് കർത്താവ് പറയുവാൻ ഇടയാകും. മാത്രമല്ല കർത്താവ് പറഞ്ഞ വാക്കുകൾ ഇത്തരുണത്തിൽ ഓർക്കുന്നത് നന്ന് "മുമ്പന്മാർ പലരും പിൻപന്മാരും പിൻപന്മാർ പലരും മുമ്പന്മാരും ആകും." കർത്താവിന്റെ വലംകൈയാണ് ഞാൻ എന്ന് പറഞ്ഞുനടക്കുന്ന പലരും സ്വർഗ്ഗത്തിൽ കാണുകയില്ല, അവിശ്വാസിയെന്ന് നാം മുദ്രകുത്തുന്ന പലരും സ്വർഗ്ഗത്തിൽ കാണും. നാം ദൈവസന്നിധിയിൽ നേരുള്ളവരോ? അതോ യൂദായെപ്പോലെ മറ്റുള്ളവരുടെ മുമ്പിൽ എല്ലാം അറിയാമെന്നുള്ള ഭാവേന വിശ്വാസിയായി നടിച്ച് ഗുരുവിനെ നിന്ദിക്കുന്നവരോ? സ്വയം പരിശോധന ചെയ്യുക.

# ബാലൻ നടക്കേണ്ടുന്ന വഴി

എൽസി ബേബി, ന്യൂ യോർക്ക്

"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല." ഈ വേദഭാഗം അറിയാത്തവരോ പഠിക്കാത്തവരോ പറയാത്തവരോ നമ്മുടെ ഇടയിൽ ആരെങ്കിലും കാണുമോ എന്ന് സംശയമാണ്. പക്ഷേ അത് അനുസരിക്കുന്നവർ തുലോം ചുരുക്കം തന്നെ എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. "ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ എന്ന ഒരു ചോദ്യം മറ്റൊരു ഭാഗത്തു കാണുന്നു. അതിന്റെ ഉത്തരം "നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ." ഈ രണ്ടു വേദഭാഗങ്ങളിലും കാണുന്ന രണ്ടു പ്രധാന ഘടകങ്ങൾ വഴിയും നടപ്പും ആകുന്നുവല്ലോ. നാം ഓരോരുത്തരും നടക്കേണ്ടുന്ന വഴിയെക്കുറിച്ച് തിരുവചനം ആദിയോടന്തം വിവരിച്ചിട്ടുണ്ട്. പ്രധാനമായി രണ്ടു വഴികളേയുള്ളൂ. ഒന്ന് പിതാവിങ്കലേക്കുള്ള വഴി. രണ്ട് നാശത്തിലേക്കുള്ള വഴി. ഈ രണ്ടു വഴികൾക്കും പല പേരുകൾ തിരുവചനത്തിൽ കൊടുത്തിട്ടുണ്ട്. അവയൊന്നും വിവരിക്കുവാൻ ഒരുമ്പെടുന്നില്ല. മനുഷ്യൻ നടക്കേണ്ടുന്നവഴി ഏതെന്നും അതിന്റെ അന്ത്യം എന്താണെന്നുവെന്നും തിരുവചനം നിർദ്ദേശിച്ചിരിക്കുന്നത് നാം സൂക്ഷമതയോടെ പഠിക്കേണ്ടതും പാലിക്കേണ്ടതും ആകുന്നു.

പല ഭാഗ്യവാന്മാരെക്കുറിച്ചും തിരുവചനം പറയുന്നതിൽ ഒന്ന് "യഹോവയുടെ ന്യായപ്രമാണം അനുസരിച്ച് നടപ്പിൽ നിഷ്കളങ്കരായവർ ഭാഗ്യവാന്മാർ. അവർ നീതികേടു പ്രവർത്തിക്കാതെ അവന്റെ വഴികളിൽ തന്നേ നടക്കുന്നു" (സങ്കീർ.119:1–3); പൂർണ്ണഹൃദയത്തോടെ യഹോവയെ അന്വേഷി ക്കുന്നവർക്കു മാത്രമേ നടപ്പിൽ നിഷ്കളങ്കരായി യഹോവയുടെ വഴിയിൽ നടക്കുവാൻ പറ്റുകയുള്ളൂ. അത് ബാല്യകാലം മുതലേ അഭ്യസിക്കേണ്ടതും അഭ്യസിപ്പിക്കേണ്ടതും ആകുന്നു. ദൈവത്തിന്റെ നീതിപാതകളിൽ നടക്കേണ്ടതിന് ആധാരമായിരിക്കുന്നത് ദൈവത്തിന്റെ വചനം ആകുന്നു. യേശുകർത്താവ് പറഞ്ഞത് "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; എന്നിൽകൂടെ അല്ലാതെ ആരും പിതാവിന്റെ സന്നിധിയിൽ എത്തുന്നില്ല.'' ക്രിസ്തുവാകുന്ന വഴി സത്യത്തിന്റെ വഴിയാകുന്നു. അത് ജീവന്റെ മാർഗ്ഗം ആകുന്നു. ക്രിസ്തു എന്നാൽ ആര് ആകുന്നു?

"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. —– അതേ, വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു!" ക്രിസ്തുവാകുന്ന വചനം; ക്രിസ്തുവാകുന്ന വഴി; വിശ്വാസത്താൽ

ദൈവകൃപയാലെ ക്രിസ്തുവിനെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി അംഗീകരിച്ച് ക്രിസ്തുവിലായി പുതിയ സൃഷ്ടിയായി വീണ്ടുംജനിച്ച് ദൈവഭവനത്തിൽ ദൈവമക്കളായി അവകാശം പ്രാപിച്ചവർക്കുമാത്രമേ ജീവന്റെ മാർഗ്ഗത്തിൽ നിഷ്കളങ്കരായി പരമാർത്ഥഹൃദയത്തോടെ ക്രിസ്തുവിനോടുകൂടെ നടക്കുവാനൊക്കുകയുള്ളൂ. ഈ വിലയേറിയ സത്യം കുഞ്ഞുങ്ങളെ അവരുടെ ശൈശവകാലം മുതലേ പറഞ്ഞു പഠിപ്പിച്ച് അഭ്യസിപ്പിക്കേണ്ടതാകുന്നു. അതാകുന്നു ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക എന്നു പറയുന്നതിന്റെ സാരം. മാതാപിതാക്കന്മാരോടുള്ള ദൈവകല്പനയാകുന്നു അത്. കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ അവർ ആരായിത്തീരേണമെന്ന് ആഗ്രഹിക്കുകയും അവരെ അതിനായി പ്രേരിപ്പിച്ചു പ്രോത്സാഹിപ്പിച്ച് അഭ്യസിപ്പിക്കേണ്ട ചുമതല മാതാപിതാക്കന്മാർക്ക് ഉണ്ട്. തങ്ങളുടെ മക്കൾ ശൈശവകാലം മുതൽ കാണുന്നതും കേൾക്കുന്നതുമാകുന്നു അവർ പഠിക്കുന്നതും അംഗീകരിക്കുന്നതും. കുടുംബത്തിൽ മാതാപിതാക്കളെ കണ്ടുവേണം മക്കൾ വളരുവാൻ. വളർത്തമ്മമാരും ആയമാരും മാതാപിതാക്കളല്ലാത്തവരും കുഞ്ഞുങ്ങളെ വളർത്തുന്നതിന്റെ ദോഷഫലങ്ങളാകുന്നു ഇന്ന് സമൂഹത്തിൽ കാണുന്ന സകല വഷളത്തങ്ങളുടേയും മൂലകാരണം. കുടുംബത്തിൽ മാതാപിതാക്കൾ ദൈവത്തെ ഭയപ്പെട്ട് അവന്റെ വഴികളിൽ നടക്കുന്നത് കണ്ട് വളരുന്ന കുഞ്ഞുങ്ങൾ അത് തങ്ങളുടെ ജീവിതത്തിൽ അനുകരിക്കും. മാത്രമല്ല ബാല്യകാലം മുതൽ തന്നെ ദൈവവചനം മക്കളെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. കുഞ്ഞുങ്ങളെ വേദവാക്യങ്ങൾ മനഃപാഠമാക്കി പഠിപ്പിക്കുന്നത് അത്യന്താപേക്ഷിതമായിരി ക്കുന്നു. ദൈവം തന്റെ ജനത്തോട് കല്പിച്ചിട്ടുള്ളത് ആവർത്തനപുസ്തകം 6-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. 5:32-ൽ "നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോട് കല്പിച്ചതുപോലെ ചെയ്യുവാൻ ജാഗ്രതയായിരിപ്പിൻ; ഇടത്തോട്ടെങ്കിലും വലത്തോട്ടെങ്കിലും മാറരുത്. നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു കല്പിച്ചിട്ടുള്ള എല്ലാ വഴികളിലും നടന്നുകൊൾവിൻ'' എന്നു കല്പിച്ചിരിക്കുന്നു. തുടർന്ന് 6-ാം അദ്ധ്യായത്തിൽ "നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കണം. എന്റെ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കണം— നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചുകൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴിനടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം" എന്ന് കല്പിച്ചിരിക്കുന്നു. മാതാപിതാക്കന്മാർ തിരുവചനം പഠിച്ചും പാലിച്ചും ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിച്ചും, ആരാധിച്ചും ദൈവവഴിയിൽ നടന്നും മക്കൾക്ക് മാതൃകകാണിച്ചു കൊടുക്കേണ്ടതുമാകുന്നു. അത് കണ്ടും കേട്ടും പഠിച്ചും വളരുന്ന മക്കൾ തങ്ങളുടെ വഴി ക്രിസ്തുവാകുന്ന

സത്യത്തിന്റെയും, ജീവന്റെയും നീതിപാതയിലാക്കി അതിൽ നടക്കുവാൻ ഇടയാകും. അങ്ങനെ ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുവാൻ ഇടയാകും. മാലിന്യം പറ്റാൻ സാധ്യതയുള്ള അനേകം വഴികളുള്ള ഈ ലോകത്തിൽ നമ്മുടെ മക്കൾ വളരുമ്പോൾ ദൈവവചനം മാത്രമാണ് അവരെ നിർമ്മലമായി നടക്കുവാൻ സഹായിക്കുന്നത്. രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവചനം അവർ ബാല്യം മുതൽ അറിഞ്ഞിരിക്കേണം. അവർ ദൈവത്തേയും അവന്റെ വഴികളേയും മാത്രം അന്വേഷിക്കുവാൻ ഇടയാ കണം. പാപം ഹൃദയത്തിൽ നിന്നുമാണല്ലോ വരുന്നത്. അതുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ തിരുവചനം ബാല്യം മുതലേ ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കണം. "വചനം നിന്നെ പാപത്തിൽ നിന്നും അകറ്റും; അല്ലെങ്കിൽ പാപം നിന്നെ വചനത്തിൽ നിന്നും അകറ്റും" എന്ന സത്യം മക്കളെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. ഈ ലോകത്തിലെ സകല സമ്പത്തിനേക്കാളും വിലയേറിയത് തിരുവചനമാകുന്നു എന്ന ബോധ്യം മക്കൾക്കുണ്ടാകണം. ക്രിസ്തുവിൽ സമ്പന്നരാകുവാൻ മാതാപിതാക്കൾ ശ്രമിക്കുന്നത് കണ്ടുവേണം മക്കൾ വളരുവാൻ. അവരെ ഈ ലോകത്തിലെ ശ്രേഷ്ഠന്മാരും സമ്പന്നരും ഉന്നതന്മാരും ആക്കുവാൻ ശ്രമിക്കുന്നതിന് പകരം മക്കൾ "മുമ്പേ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവരായി വളരുവാൻ അവരെ അഭ്യസിപ്പിക്കേണ്ടിയിരിക്കുന്നു". ഇന്ന് "വഴി പിഴച്ചു പോകുന്നു" എന്ന് കരയുന്ന അനേകം മാതാപിതാക്കൾ ഉണ്ട്. അതിന്റെ കാരണം എന്താകുന്നു എന്ന് ചോദിച്ചാൽ അവർ ബാല്യം മുതൽ നടക്കേണ്ടുന്ന വഴിയിൽ അവരെ അഭ്യസിപ്പിക്കുവാൻ മാതാപിതാക്കൾ പരാജയപ്പെടുന്നു എന്നുള്ളതുതന്നെ.

പ്രിയ മാതാപിതാക്കളേ, നമ്മുടെ ജീവിതത്തെ ഒന്നു പരിശോധിക്കാം. നമ്മുടെ വിശ്വാസം, നടപ്പ്, വിശുദ്ധി ഇവയെല്ലാം ദൈവഹിതാനുസരണവും, തിരുവചനപ്രകാരവുമാകുന്നുവോ എന്നു പരിശോധിക്കാം. ഒരു മാനസാന്തരം ആവശ്യമായിരിക്കുന്നില്ലേ? തെറ്റുകളെ ഓർത്ത് അനുതപിച്ച് പശ്ചാത്തപിച്ച് തിരുത്തേണ്ടവ തിരുത്തി ദൈവസന്നിധിയിൽ നിരപ്പുപ്രാപിക്കുവാൻ കാലമായില്ലേ? നമ്മുടെ മക്കളെയും കൊച്ചുമക്കളെയും അവർ നടക്കേണ്ടുന്ന വഴിയിൽ അഭ്യസിപ്പിക്കുവാൻ നമുക്ക് ഉത്സാഹിക്കാം. ഈ ലേഖനം അതിന് സഹായകമായിത്തീരട്ടെ!

> മൂഢനായ മകൻ അപ്പനു വ്യസനവും തന്നെ പ്രസവിച്ചവൾക്ക് കയ്പും ആകുന്നു.
> (സദൃശവാക്യങ്ങൾ 17:25)

# കർത്താവിനോടു ചോദിക്കാം

ജെസി ബെൻസെൻ, കൊച്ചി

യോശുവയുടെ നേതൃത്വത്തിൽ ഇസ്രായേൽമക്കൾ യെരീഹോവിനോടും ഹായിയോടും ചെയ്ത കാര്യങ്ങളെക്കുറിച്ച് കേട്ട ഗിബെയോൻ നിവാസികൾ, ദൂരദേശത്തുനിന്നു വരുന്നവരാണെന്ന വ്യാജേന യോശുവയുടെ അരികിൽ ചെന്നു. തങ്ങൾ ദൂരത്തുനിന്നു വരുന്നവരാണെന്നു അവരെ ബോധ്യപ്പെടുത്തേണ്ടതിനായി പൂത്ത് ഉണങ്ങിയ ഭക്ഷ്യവസ്തുക്കളും, പഴയതും കീറിയതും തുന്നിക്കെട്ടിയതുമായ വീഞ്ഞുതുരുത്തികളുമൊക്കെ യായിട്ടാണ് അവർ പാളയത്തിലെത്തിയത്. അടിയങ്ങൾ നിന്റെ ദൈവമായ യഹോവയുടെ നാമം നിമിത്തമാണ് ദൂരദേശത്തുനിന്നും വന്നിരിക്കുന്നതെന്നു കൂടെ പറഞ്ഞപ്പോൾ ഇസ്രായേൽമക്കൾ അവരുടെ വാക്കു വിശ്വസിച്ചു. "അപ്പോൾ ഇസ്രായേൽ പുരുഷന്മാർ യഹോവയോടു ചോദിക്കാതെ അവരുടെ ഭക്ഷണസാധനം വാങ്ങി ആസ്വദിച്ചു" എന്നാണ് തുടർന്ന് നാം കാണുന്നത് (യോശുവ 9:14).

യഹോവയോടു ചോദിക്കാതെ ഇക്കാര്യം ചെയ്തതായി തിരുവെഴുത്തു വെളിപ്പെടുത്തിയിരിക്കുന്നതിൽ നിന്നും തന്നെ, അവർ ആ ഭക്ഷണം ആസ്വദിക്കുന്നതിനു മുമ്പെ യഹോവയോടു അനുവാദം ചോദിക്കേണ്ടതായിരുന്നു എന്നു വ്യക്തമാണ്. യഹോവയോടു ചോദിക്കാതെ അവരെയും അവരുടെ ഭക്ഷ്യവസ്തുക്കളും സ്വീകരിച്ചതിന്റെ ഭവിഷ്യത്ത് അവർ പിന്നീട് അനുഭവിക്കുകയും ചെയ്തു. എന്നാൽ ദാവീദിന്റെ ജീവിതം സൂക്ഷ്മമായി പരിശോധിച്ചാൽ എന്തിനും ഏതിനും ദൈവത്തോടു ചോദിക്കുന്ന ഒരു പതിവ് അവനുണ്ടായിരുന്നു എന്നു കാണാം. "ദാവീദ് യഹോവയോട് ഞാൻ ഈ ഫെലിസ്ത്യരെ ചെന്നു തോല്പിക്കണമോ എന്നു ചോദിച്ചു" (1 ശമുവേൽ 23:2) എന്ന് നാം വായിക്കുന്നുണ്ട്. അനുവാദം ലഭിച്ചാൽ യുദ്ധം ചെയ്യുന്നതിനും ഇല്ലെങ്കിൽ അവരെ വിട്ടൊഴിഞ്ഞു പോകേണ്ടതിനും സന്നദ്ധനായിട്ടാണ് ദാവീദ് ദൈവത്തോട് ഇങ്ങനെ ചോദിക്കുന്നത്. ഇതേ സംഭവത്തോടുള്ള ബന്ധത്തിൽ അവൻ പിന്നേയും പല പ്രാവശ്യം ദൈവത്തോടു ചോദിക്കുന്നതായി നാം കാണുന്നുണ്ട് (വാ.4,11,12). ഓരോ പ്രാവശ്യവും ദൈവം അവന് വ്യക്തമായ മറുപടിയും നല്കിയിരുന്നു. ഓരോ വിഷയത്തോടുള്ള ബന്ധത്തിലും ദൈവത്തോടു ചോദിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ വെളിപ്പെടുന്നുണ്ട്. മാത്രമല്ല ദൈവത്തിന്റെ അനുവാദത്തോടെ ചെയ്ത പ്രവൃത്തിയാകയാൽ അതേക്കുറിച്ച് പിന്നീട് വ്യസനിക്കുവാനും ആവശ്യമില്ലായിരുന്നു.

കർത്താവിനോടുകൂടെ സഞ്ചരിക്കവേ ശിഷ്യന്മാരും തങ്ങൾക്ക് തോന്നിയ ഒരു ആശയം പ്രാവർത്തികമാക്കുന്നതിന് കർത്താവിനോടു

സമ്മതം ചോദിക്കുന്നതായി നാം വായിക്കുന്നുണ്ട്. യേശുവും ശിഷ്യന്മാരും ശമര്യക്കാരുടെ ഒരു ഗ്രാമത്തിൽ ചെന്നപ്പോൾ അവർ അവരെ കൈക്കൊണ്ടില്ല. അതിൽ പ്രകോപിതരായിത്തീർന്ന ശിഷ്യന്മാർ "കർത്താവേ ഏലിയാവ് ചെയ്തതുപോലെ ആകാശത്തുനിന്നും തീ ഇറക്കി അവരെ നശിപ്പിക്കുവാൻ ഞങ്ങൾ പറയുന്നത് നിനക്ക് സമ്മതമോ എന്ന് ചോദിച്ചു'' (ലൂക്കൊസ് 9:54). സ്വയം അത് ചെയ്യുവാൻ കഴിയുമായിരുന്നെങ്കിൽ ഒരു പക്ഷേ അവർ കർത്താവിനോട് സമ്മതം ചോദിക്കാതെ തന്നെ അവരെ നശിപ്പിക്കുമായിരുന്നു. എന്നാൽ കർത്താവിന് സമ്മതം എങ്കിൽ അവനെക്കൊണ്ട് തന്നെ അത് ചെയ്യിപ്പിക്കാനായിരുന്നു അവരുടെ ശ്രമം. കർത്താവിന്റെ അനുവാദം ചോദിക്കാതെ മഹാപുരോഹിതന്റെ ദാസന്റെ കാത് അറുത്തതുപോലെ എളുപ്പമായിരുന്നില്ല ആകാശത്തുനിന്ന് തീ ഇറക്കി ഒരു ഗ്രാമത്തിലെ ജനത്തെ മുഴുവൻ നശിപ്പിക്കുന്നത്.

നമ്മുടെ ഓരോ പ്രവൃത്തിയും ഓരോ ഇടപാടുകളും കർത്താവിനോടു ചോദിച്ചാണ് ചെയ്യുന്നതെങ്കിൽ ഏറ്റവും യോഗ്യമായ വിധത്തിൽ അത് ചെയ്യാൻ നമുക്ക് ഇടയാകും. നാം തിരഞ്ഞെടുക്കേണ്ടുന്ന വഴി, പോകേണ്ടുന്ന പാത, ചെയ്യേണ്ട പ്രവൃത്തി, പറയേണ്ട വാക്കുകൾ, ഇടപെടേണ്ട വിധം, ഇങ്ങനെ എന്തും നമുക്ക് യഹോവയോട് ചോദിച്ചറിയാം. ആത്മികകാര്യങ്ങൾ മാത്രമല്ല ഭൗതികമായതും അവനോട് ചോദിക്കാം. മറുപടി നല്കുമെന്നത് സുനിശ്ചിതമാണ്. അനുസരിക്കുവാൻ സന്നദ്ധരായവർക്കേ അവൻ മറുപടി നല്കൂ എന്ന് മാത്രം. ആകയാൽ കർത്താവിന്റെ ഉത്തരം എന്തായിരുന്നാലും അത് സ്വീകരിക്കുവാനുള്ള മനസ്സൊരുക്കത്തോടെ നമുക്കും കർത്താവിനോട് ചോദിക്കാം. ദൈവം കൃപ നല്കട്ടെ.


## ഓൺലൈൻ ബൈബിൾ സ്റ്റഡി

ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് കോഴ്സുകൾ ഇനി മുതൽ ലോകത്തിന്റെ ഏതുഭാഗത്തുള്ള മലയാളിക്കും ഇന്റർനെറ്റു വഴി സൗജന്യമായി പഠിച്ച് ഡിപ്ലോമാ കരസ്ഥമാക്കുവാൻ സാധിക്കും. പത്തു യൂണിറ്റുകൾ ഉള്ള ഡിപ്ലോമാ പ്രോഗ്രാം പഠിക്കുന്നതിന് http://www.gncs.org/moodle എന്നു ടൈപ്പു ചെയ്താൽ ഗുഡ്ന്യൂസ് വെബ്സൈറ്റ് താങ്കൾക്കായി തുറക്കപ്പെടും.

# എളിമയ്ക്ക് ദൈവരാജ്യത്തിലുള്ള പ്രസക്തി

**പാസ്റ്റർ കെ.സി. ഡെന്നി, തിരുവനന്തപുരം**

ദൈവത്തിന്റെ കാരുണ്യം വളരെയധികം അനുഭവിക്കുന്നവരാണ് മനുഷ്യർ. ദൈവത്തിന്റെ ശക്തിയുള്ള കരങ്ങളാണ് മനുഷ്യരെ താങ്ങി നിർത്തുന്നത്. ആ ദൈവത്തിന്റെ കീഴിൽ എളിമയോടും, വിനയത്തോടും കൂടെ ആയിരിപ്പാൻ നാം ശ്രദ്ധിക്കണം. മനുഷ്യജീവിതത്തിലെ ഓരോ നിമിഷവും നന്മകളും ദൈവികദാനവുമാണ്. അതുകൊണ്ട്തന്നെ തന്റെ സമ്പത്തിനെക്കുറിച്ചോ, മഹത്ത്വത്തെക്കുറിച്ചോ അഹങ്കരിക്കാൻ നമുക്ക് യാതൊരു അവകാശവും ഇല്ല. സങ്കീർത്തനം 91:4 "തന്റെ തൂവലുകൾ കൊണ്ട് അവൻ നിന്നെ മറയ്ക്കും, അവന്റെ ചിറകിൻകീഴിൽ നീ ശരണം പ്രാപിക്കും." തന്റെ ശക്തമായ സംരക്ഷണത്തിൽ നമ്മെ കാത്തുപാലിക്കുന്ന നമ്മുടെ സ്വർഗ്ഗീയപിതാവാണ് ദൈവം. ദൈവരാജ്യത്തിലെ ഓരോ അംഗവും ഈ സംരക്ഷണത്തിന് അർഹനാണ്. വലിയവനെന്നോ, ചെറിയവനെന്നോ ദൈവത്തിന് വ്യത്യാസമില്ല. ദൈവത്തിന്റെ മുമ്പിൽ എല്ലാവരും തുല്യരാണ്.

യേശുക്രിസ്തുവിന്റെ മനോഭാവം എന്താണെന്ന് വി. പൗലൊസ് ദൈവചനത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നത്- "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളംതന്നെ, അനുസരണമുള്ളവനായി ത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായനാമം നല്കി." - കർത്താവ് പറയുന്നു: യോഹന്നാൻ 13:14-16 "കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലു കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാലു കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു. ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; ദാസൻ യജമാനനെക്കാൾ വലിയവൻ അല്ല; ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല"- മത്തായി 11-ന്റെ 29-ൽ യേശുക്രിസ്തു പറയുന്നു. "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും.'' യേശുക്രിസ്തുവിന്റെ മനോഭാവമാണ് ഈ വചനഭാഗങ്ങൾ പഠിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

യേശുക്രിസ്തുവിന്റെ ഈ മനോഭാവം ശിഷ്യന്മാരായ നാമും നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ മാത്രമേ നമുക്ക് ക്രിസ്തുവിന്റെ ശിഷ്യനാകുവാൻ കഴിയുകയുള്ളൂ. ഇന്നത്തെ ലോകത്തിൽ, ലോകമനു ഷ്യരായി (ലോകരാജ്യത്തിൽ) ജീവിതം നയിക്കുന്നവരെ ക്രിസ്തുവിന്റെ ശിഷ്യരാക്കുവാൻ കഴിയണമെങ്കിൽ, ക്രിസ്തുശിഷ്യന്മാർക്കും ക്രിസ്തു പറഞ്ഞതും പ്രവർത്തിച്ചതുമായ കാര്യങ്ങൾക്കുവേണ്ടി നിലനില്ക്കുവാൻ കഴിയണം. ക്രിസ്തുശിഷ്യന്മാർ, യഥാർത്ഥ ക്രിസ്ത്യാനികൾ എളിമ അഭ്യസിച്ചു അത് സ്വജീവിതത്തിൽ ഉൾക്കൊണ്ടുകൊണ്ട് മറ്റുള്ളവർക്ക് മാതൃകയായിത്തീരുകയാണ് വേണ്ടത്.

---

(**യഹോവ ആരെന്നും** - പേജ് 13 ന്റെ തുടർച്ച)

സ്നാനം ദൈവകല്പനയാണ്. “എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പന പ്രമാണിക്കും” നാം ദൈവത്തെ സ്നേഹിക്കുന്നുവോ? അതോ കാര്യസാധ്യത്തിനുള്ള ഒരു ഊന്നുവടിയോ? ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്ന ദൈവമാണ് നമ്മുടെ കർത്താവ്. അദ്ദേഹത്തിനറിയാം ഹൃദയത്തിന്റെ ചിന്ത. കല്പന അനുസരിക്കാത്ത മകനോ, മകളോ അപ്പന്റെ ഇഷ്ടപുത്രനോ, പുത്രിയോ അല്ല. സ്വർഗ്ഗത്തിൽ പോകുവാനുള്ള വഴി രക്ഷിക്കപ്പെടുക എന്നതാണ്, അതുകൊണ്ട് തൃപ്തിപ്പെട്ടു കഴിയുന്ന ധാരാളം പേർ ഉണ്ട്. ദൈവത്തെ സ്നേഹിക്കാതെയും തന്റെ കല്പന അംഗീകരിക്കാതെയും അനുസരിക്കാതെയും ഇരുന്നാൽ പകുതി പ്രതിഫലമേയുള്ളൂ. അതു മതിയോ? ഓട്ടക്കളത്തിൽ ഓടുന്നവർ ജയിച്ചാൽ പ്രതിഫലം മുറിച്ചു നല്കുമോ? ക്രിക്കറ്റു താരങ്ങൾ പല വിശ്വാസികളുടെയും കണ്ണിലുണ്ണികളാണല്ലോ? അവരുടെ പ്രതിഫലം മുറിച്ചാണോ കൊടുക്കുന്നത്. എത്ര റൺസ് എടുക്കണം എന്നു നിശ്ചയമുണ്ടെങ്കിൽ അത്രയും എടുത്തിരിക്കണം. പകുതി എടുത്തിട്ട് പ്രതിഫലം മുഴുവൻ വാങ്ങുന്നത് കാണാറുണ്ടോ?.

സ്നാനം പെന്തെക്കൊസ്തുകാരുടെയും, ബ്രദറൺ, ബാപ്റ്റിസ്റ്റ്കാരുടെയും കല്പനയല്ല. ക്രിസ്തുയേശുവിനെ രക്ഷകനായി സ്വീകരിച്ച എല്ലാവരും സ്നാനം ഏല്ക്കണം. ആദ്യം ദൈവം ആരെന്ന് മനസ്സിലാക്കണം. കൃപായുഗമായതിനാൽ നമ്മുടെ താളത്തിനൊത്ത് തുള്ളുന്ന ഒരാളല്ല ദൈവം. താളം തെറ്റുന്ന സമയം ആസന്നമായി, ദൈവകല്പനപ്രകാരവും, ദൈവവചനത്തിന്റെ വെളിച്ചത്തിലും ജീവിക്കുക. വേദപുസ്തകം പറയുന്നതിൽ കൂടുതലും കുറവും നാം ചെയ്യരുത്, അതിന് മാന്യവായനക്കാരെ ദൈവം സഹായിക്കട്ടെ!

# സാത്താനോട് എതിർത്തുനില്ക്ക

അന്നമ്മ സി. ജോൺ, തിരുവനന്തപുരം

ഇത് സ്ത്രീകൾക്കുള്ള മാസികയാണ്. പുരുഷന്മാർ വായിക്കുവാൻ നിർബന്ധിക്കുന്നില്ല. പലരും സാത്താനുമായി ഒരു ധാരണയിൽ എത്തുന്നു. അവൻ പലരോടും സംസാരിക്കാറും ഉണ്ട്. അവനോട് എതിർത്തു നില്ക്കുവാൻ ചില കാര്യങ്ങൾ വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. ജഡരക്ത ങ്ങളോടല്ല വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനകളോടും അത്രേ.

ഈ പറഞ്ഞിരിക്കുന്നവർ ആരാണ്. വാഴ്ചകൾ, അധികാരങ്ങൾ, അന്ധകാരത്തിന്റെ ലോകാധിപതി ഇവരെക്കുറിച്ച് നമുക്ക് എന്താണ് ചിന്തിക്കുവാനും പറയുവാനും ഉള്ളത്. അന്ധകാരത്തിന്റെ ലോകാധി പതിയാണ് സാത്താൻ. അദ്ദേഹത്തിന് പലപേരുകൾ വേദപുസ്തകത്തിൽ ഉണ്ട്. അതൊന്നും എഴുതി സമയവും പേജുകളും ദീർഘമാക്കുന്നില്ല. ഒന്നാമത് അവൻ ഭോഷ്ക്കുപറയുന്നവനും അവന്റെ അപ്പനും ആണ്. ഭോഷ്ക്കുപറയുന്നവർ സാത്താന്റെ മക്കളാണ്. അവൻ ആരെ വിഴുങ്ങേ ണ്ടുവെന്ന് ചിന്തിച്ച് ഭൂമിയിൽ ഊടാടി സഞ്ചരിക്കുന്നു. അങ്ങനെ ഊടാടിയപ്പോൾ പലരേയും അവനു കൈകളിൽ കിട്ടി. ഇന്ന് അനേകരെ കിട്ടുന്നുണ്ട്. കാരണം രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു എന്നിട്ടും 10 പിശാചുക്കൾ ഒന്നിച്ചു കയറുന്നവർ ഉണ്ട്. അവരൊന്നും യേശുക്രിസ്തു ഹൃദയത്തിൽ ഉള്ളവരല്ല. സാത്താനും ദൈവവുമായി സമരം ആണ്. എങ്ങനെ ഒന്നിച്ചൊരു ഹൃദയത്തിൽ വസിക്കും? ഇങ്ങനെയുള്ളവരുടെ രക്ഷയെക്കുറിച്ച് ഒരു വിചിന്തനം ആവശ്യമാണ്. സാത്താനും ദൈവവും ഒരേ ഹൃദയത്തിൽ വസിക്കുകയില്ല. രക്ഷിക്കപ്പെടുന്ന സമയത്തുതന്നെ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ വസിക്കും. സാത്താനും അതേ വിശ്വാസിയെയും എങ്ങനെ ഉപദ്രവിക്കുമെന്നുള്ള ഭാവത്തിൽ ഊടാടി സഞ്ചരിക്കുന്നു. അങ്ങനെ ഊടാടി സഞ്ചരിച്ചപ്പോഴാണ് ദൈവത്തെപ്പോലും പരീക്ഷിക്കണമെന്നു തോന്നിയത്, അത് പരാജയത്തിൽ ആയി. എന്നാൽ ദൈവത്തിന്റെ പ്രിയനായ ഇയ്യോബിനെ ആക്രമിക്കുന്നതിനായി ദൈവത്തോട് അനുവാദം ചോദിച്ചു. ദൈവത്തോട് അനുവാദം വാങ്ങാതെയും അനുവാദം കിട്ടാതെയും ആരുടെയും ഹൃദയത്തിൽ പ്രവേശിക്കുകയില്ല. അവൻ ഭോഷ്ക്കുപറയുന്ന വനാകയാൽ മനുഷ്യനിൽ കടന്നാൽ അനേകരുടെ വേഷം കെട്ടും. പത്രൊാസിനെ തൊടുവാനും ദൈവത്തോടു സമീപിച്ചു. ദൈവം അനുമതി നല്കിയില്ല. കാരണം പത്രൊാസ് ഒരു

ചഞ്ചലഹൃദയം ഉള്ള ആളായിരുന്നു. തന്റെ വിശ്വാസം നഷ്ടപ്പെട്ടുപോകാതിരിപ്പാൻ ദൈവം അത് അനുവദിച്ചില്ല. തൂപ്പുകാരിയുടെ അടുക്കൽപോലും ദൈവത്തെ തള്ളിപ്പറഞ്ഞ ആളാണ്. ആയതിനാൽ ഒന്നു തൊട്ടാൽ തള്ളിപ്പറയുമായിരുന്നു.

എന്നാൽ ഇയ്യോബിനെ സമീപിച്ചപ്പോൾ ഇയ്യോബ് ദൈവത്തെ തള്ളിപ്പറയുകയില്ലെന്ന് ദൈവത്തിനറിയാമായിരുന്നു. ആയതിനാലാണ് ഇയ്യോബിനെ തൊടുവാൻ ദൈവം അനുവദിച്ചത്. ദൈവത്തിന്റെ മക്കളെ തൊടുവാൻ സാത്താന് ദൈവത്തിന്റെ അനുമതി വേണമായിരുന്നു. ഇയ്യോബിനെ തൊട്ടു എങ്കിലും ഒരു വ്യവസ്ഥ ചെയ്ത ശേഷമാണ് അനുവദിച്ചത്. അവന്റെ ജീവനെ തൊടരുത്. ജീവന്റെ ദായകൻ ദൈവമാണ്. ജീവനും മരണവും ദൈവത്തിന്റെ കൈകളിലാണ്. ഇയ്യോബിനെ സാത്താൻ തൊട്ടത് അവനെ വലിയ ആപത്തിലാക്കി, ഇയ്യോബ് രോഗിയായി. തന്റെ ഭാര്യപോലും തന്നെ തള്ളിപ്പറഞ്ഞിട്ടും ഇയ്യോബ് ദൈവത്തെ തള്ളിപ്പറഞ്ഞില്ല. ഇങ്ങനെയുള്ള വിശ്വാസം ഒരു വിശ്വാസിക്കു അത്യാവശ്യമായും ഉണ്ടായിരിക്കണം. ഭാര്യ തന്നെ ഇട്ടിട്ടുപോയിക്കാണും. തൊട്ടാൽ തള്ളിപ്പറയുന്ന വിശ്വാസമായിരിക്കരുത്. നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ഒന്നല്ല പലപ്പോഴും നമ്മെ തൊട്ടുവെന്നു വരാം. അപ്പോഴൊക്കെ സാത്താനെ എതിർത്തു നില്ക്കുക. ദൈവത്തെപ്പോലും പരീക്ഷിച്ച പരീക്ഷകനാണ് അവൻ. അവന്റെ പേര് ശത്രുവെന്നും ഉണ്ട്. ആ ശത്രുവിന്റെ മുന്നിൽ നമുക്കു വഴി ഒരുക്കണമെങ്കിൽ ബലഹീനവിശ്വാസി ആയിരിക്കരുത്. കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടണം. കർത്താവിനെ നാം ധരിച്ചിരിക്കണം. അതാണ് ദൈവത്തിന്റെ സർവ്വായുധവർഗ്ഗത്തിന്റെ ഉദ്ദേശ്യം.

ഇയ്യോബിനെ ആശ്വസിപ്പിക്കുവാൻ വന്ന തന്റെ കൂട്ടുകാർ ആദ്യം ഇയ്യോബിനൊപ്പം സഹതപിച്ചു. എന്നാൽ അവരും കാലുമാറി. സ്നേഹിതൻ എല്ലാകാലത്തും സ്നേഹിക്കും, കഷ്ടകാലത്ത് താൻ സഹോദരനായി ത്തീരും (വേദപുസ്തകം). ഇന്നുള്ള സ്നേഹിതന്മാർ ഒരു പരിധിവരെ സ്നേഹമായി നില്ക്കും. അതുകഴിഞ്ഞാൽ കാലുമാറും. കൂട്ടുകാർ പഴിച്ചെങ്കിലും ഇയ്യോബ് തന്റെ വിശ്വാസം കൈവെടിഞ്ഞില്ല. ഇയ്യോബിന്റെ പാപത്തിന്റെ പരിണതഫലമാണെന്നു കൂട്ടുകാർ സമർത്ഥിച്ചു. തരാമെന്നു വാക്കുപറഞ്ഞാൽ തരുന്ന ദൈവമാണ് . ശിക്ഷിക്കുമെന്നു പറഞ്ഞാൽ ശിക്ഷിക്കും. ഒന്നിനും വാക്കുമാറുന്ന ദൈവമല്ല. തന്റെ സ്വരൂപപ്രകാരം സൃഷ്ടിച്ച ആദാമിനെയും ഹവ്വായെയും താൻ തോട്ടത്തിൽ നിന്ന് പുറത്താക്കി. നല്ല പോരാളികളായി ക്രിസ്തുവിന്റെ പോർക്കളത്തിൽ പൊരുതുക. ഒരു പടയാളിയോടാണ് ദൈവജനത്തെ വേദപുസ്തകം താരതമ്യം ചെയ്തിരിക്കുന്നത്. ചട്ടപ്രകാരം പോരാടണം. ചട്ടങ്ങളും നിയമങ്ങളും ഓട്ടത്തിൽ ഉണ്ട്. അതുപാലിച്ച് ഓടണം, പോരാടണം. കർത്താവ് ന്യായവിധി ജയത്തോളം നടത്തും. ഭൂമിയിൽ ന്യായം സ്ഥാപിക്കുന്നതുവരെ താൻ അടങ്ങുകയില്ല. വിശ്വാസിക്കു ന്യായമുണ്ട്.

ദൈവജനത്തിന് ഏതെല്ലാം പോരായ്മകൾ ഉണ്ടോ എന്ന് ലോകം നോക്കിയിരിക്കുന്നു കരിതേക്കുവാൻ. വേദപുസ്തകത്തിന്റെ വ്യവസ്ഥപ്രകാരം ഓടുക. അനേകം പ്രാവശ്യം വേദപുസ്തകം വായിച്ചാലും അതിലെ സത്യം ഗ്രഹിക്കുകയില്ല. കാരണം വേദപുസ്തകവ്യവസ്ഥ ഒരു വിഷയമല്ല. വെളുക്കുവോളം രാമായണം വായിച്ചിട്ട് സീത ആരെന്നു ചോദിക്കുന്നവരാണ് വേദപുസ്തകം വായിച്ചു തീർക്കുന്നത്. വചനമെന്ന മായമില്ലാത്ത പാൽ കുടിച്ചു വളരുക. അതിനോടു മായം ചേർത്താണ് ഇന്നു പലരും പ്രവർത്തിക്കുന്നത്. നാം നമ്മെ തന്നെ പരിശോധിക്കുക. ശിരസ്ത്രം നമ്മുടെ രക്ഷാകവചമാണ്. ഹെൽമെറ്റ് ഉപയോഗിക്കണമെന്ന് നിയമം ഉണ്ട്. പലരും നിയമം പാലിക്കുന്നില്ല. പോലീസ് പിടിച്ചാൽ 100 രൂപ. 140-ാം സങ്കീർത്തനത്തിൽ ദാവീദ് പറയുന്നു അവൻ എന്റെ തലയിൽ ശിരസ്ത്രം അണിയിക്കുന്നു.

സാത്താനും നമ്മുടെ വിജയവും തോൽവിയും അറിയാം. അവിടെ അവൻ ഉപദ്രവിക്കും. പലതിലും സാത്താനും വിജയിക്കുന്നു. എതിർത്തുനില്ക്കുവാനുള്ള ആയുധത്തെക്കുറിച്ചു വേദപുസ്തകം പറയുന്നു: അരയ്ക്കു സത്യം, നീതി, കവചം. കവചം സംരക്ഷണം തരുന്നു. അരയ്ക്കു സത്യവും നീതി കവചവും ധരിച്ചു കഴിഞ്ഞാൽ ശത്രുവിനോടെ തിർത്തു നില്ക്കാൻ കഴിവു ലഭിക്കുന്നു. വെളിപ്പാട് 1:16ലും എബ്രായർ 4:12 ലും വചനം വാളാകുന്നു. വചനമാകുന്ന വാൾ ആത്മാവിനെയും, സന്ധിമജ്ജ കളെയും വേർതിരിക്കുന്നതുവരെ തുളച്ചുകയറും. ഈ വാൾ മറ്റെല്ലാ വാളിന്റെയും തലയായിരിക്കുന്നു. പത്രൊസ് കാതറുത്ത വാളല്ല ഈവാള്. ഇതിന് അതിനേക്കാൾ ശക്തിയുണ്ട്. പ്രാർത്ഥന ഫലിക്കുവാൻ ദൈവത്തിൽ വിശ്വാസം ഉണ്ടായിരിക്കണം. മക്കളുടെ അപ്പം നായ്ക്കുട്ടികൾക്ക് കൊടുക്കു കയില്ല. അതു മക്കളുടെ അവകാശമാണ്. അപ്പം ദൈവത്തോട് ചോദിച്ചുവാങ്ങുവാൻ സകലത്തിലും നമുക്ക് പ്രാഗത്ഭ്യം ഉണ്ടായിരിക്കണം. അതുകൊണ്ട് ദൈവമക്കൾക്ക് ആവശ്യമുള്ളത് സ്വർഗ്ഗത്തിലെ അപ്പനോടു ചോദിച്ചു വാങ്ങുക. ക്രൂസേഡുകൾ നടത്തിയും, ടിക്കറ്റുവച്ചു പൈസ പിരിച്ചും കർത്താവിന്റെ വേല ചെയ്യരുത്. പണം ഉണ്ടാക്കുവാൻ മറ്റു മാർഗ്ഗങ്ങൾ ആരായുക. ദൈവത്തിന്റെ നാമത്തിൽ അരുത്. ദാനമായി കിട്ടിയത് ദാനമായി കൊടുപ്പിൻ. രക്ഷ ദൈവത്തിന്റെ ദാനമല്ലയോ? അതു മറ്റുള്ളവർക്ക് വീതിച്ചു കൊടുക്കുവാൻ പണം വേണമോ?

സാത്താൻ വെളിച്ചദൂതന്റെ വേഷത്തിൽ വന്ന് പലരേയും തെറ്റിച്ചു കൊണ്ടിരിക്കുന്നു. അതിൽ വിശ്വാസികൾ കുടുങ്ങി പോകരുത്. അതിനായിട്ടാണ് ദൈവവചനമെന്ന വാൾ നമുക്ക് തന്നിരിക്കുന്നത്. ആ വാൾ എടുത്തു പൊരുതുവാൻ ദൈവം സഹായിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടെ നിർത്തുന്നു.

# Q & A ചോദ്യോത്തരപംക്തി

**ചോദ്യം:**

മരണശേഷം ആത്മാവിനെ സ്വർഗ്ഗത്തിലേക്ക് എത്തിക്കാൻ ചടങ്ങുകൾ നടത്തുന്നു. അത് ശരിയോ? ബൈബിൾ ഇതേപ്പറ്റി എന്ത് പറയുന്നു?

**ഉത്തരം:**

ആത്മാർത്ഥമായി ഹൃദയപരിവർത്തനം വന്ന ദൈവമക്കൾ ആരും തന്നെ അത് വിശ്വസിക്കുന്നില്ല. കാരണം മനുഷ്യശരീരത്തിൽ നിന്നും ആത്മാവും ജീവനും വേർപെടുന്നതിനെയാണല്ലോ മരണം (വേർപാട്) എന്നു പറയുന്നത്. അങ്ങനെ മനുഷ്യശരീരത്തിൽ നിന്നും വേർപെടുന്ന ആത്മാവ് ഉടൻ തന്നെ ആത്മാവ് തന്ന ദൈവത്തിങ്കലേക്ക് മടങ്ങിപ്പോകുന്നു. മരണശേഷം ആരുടെയും ആത്മാവിനെ രക്ഷപെടുത്തുവാൻ കഴിയുകയില്ല. ജീവിച്ചിരിക്കുമ്പോൾ തന്നെ അവരുടെ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കണം അവർ സ്വർഗ്ഗത്തിൽ എത്താൻ. എന്നാൽ മരിച്ചവർക്കുവേണ്ടി യാതൊരു കർമ്മവും ശേഷിക്കുന്നില്ല. മരിച്ചവരുടെ ആത്മാവിനെ നിത്യവിശ്രമത്തിലേക്ക് ദൈവം വിളിച്ചിരിക്കുകയാണ്. ദൈവം ഇരിക്കുന്നിടത്ത് അവർ വിശ്രമിക്കുക യാണ്. ശരിയായ മനഃപരിവർത്തനം ചെയ്യാത്തവരുടെ ആത്മാവ് നരക ത്തിലും പോകുന്നു. ശരീരം വിട്ടാൽ കർത്താവിനോട് കൂടെ വസിക്കുവാൻ ഇഷ്ടപ്പെടുന്നതായി പൗലൊസ് അപ്പൊസ്തലൻ പറയുന്നു. ജീവിച്ചിരിക്കു മ്പോൾ സ്വന്തം ആത്മാവിന് വേണ്ടി കരുതണം.

**ചോദ്യം:**

മരണത്തോടുകൂടി സകലതും തീരുമോ? എന്താണ് താങ്കളുടെ അഭിപ്രായം?

**ഉത്തരം:**

മരണം എല്ലാറ്റിന്റെയും അവസാനമായി കാണുന്നവരുണ്ട്. മരണത്തോടുകൂടി പ്രശ്നം പരിഹരിക്കപ്പെടും എന്നാണ് അവരുടെ ധാരണ. മരണം ഈ ലോകജീവിതത്തിൽ നിന്നുള്ള വേർപാട് ആണെങ്കിലും രക്ഷിക്കപ്പെട്ട ദൈവമക്കൾക്ക് നിത്യതയിലേക്കുള്ള ആരംഭമാണ് അത്.

വിശുദ്ധ ബൈബിൾ പറയുന്നു: വിശുദ്ധനായ ദൈവം മരിച്ചവരെ തിരികെ വരുത്തും അവനവന്റെ പ്രവൃത്തിക്കനുസരിച്ചുള്ള ന്യായവിധിക്കായിട്ട്. ക്രിസ്തുവിനെ അംഗീകരിച്ചവരുടെ പ്രതിഫലത്തിനായി ക്രിസ്തുവിന്റെ ന്യായാസനവും ക്രിസ്തുവിനെ അംഗീകരിക്കാത്തവരുടെ നിത്യന്യായവിധിക്കായി വെള്ളസിംഹാസനവും ഉണ്ട്. ഭൂമിയിൽ ജനിച്ച സകല ആൾക്കാരും ഈ ന്യായാസനങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ മുമ്പിൽ നില്ക്കേണ്ടിവരും. അതുകൊണ്ട് മരണം എന്നത് അവസാനവാക്കല്ല, മരണത്തോടുകൂടി പ്രശ്നം തീരുകയുമില്ല.

**ചോദ്യം:**

ക്രിസ്തുവിനെ അറിയാതെ ക്രിസ്തുമസ് ആഘോഷിക്കുന്നത് ശരിയോ?

**ഉത്തരം:**

ക്രിസ്തുവിനെ അറിയാത്തവരും, അറിഞ്ഞവരും ക്രിസ്തുമസ് ആഘോഷിക്കുന്നത് തെറ്റ്. കാരണം ഈ ആഘോഷത്തെപ്പറ്റി ബൈബിൾ ഒന്നും തന്നെ പറയുന്നില്ല. മാത്രമല്ല ക്രിസ്തു ജനിച്ചെന്നല്ലാതെ എപ്പോൾ ജനിച്ചു എന്ന കാര്യം ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. ഡിസംബർ 25-ന് ക്രിസ്തു ജനിച്ചു എന്നത് ചില ഊഹാപോഹങ്ങൾ മാത്രമാണ്. ഡിസംബർ മാസം പാലസ്തീനിൽ അതിശൈത്യമാണ്. ബേത്ലഹേമിൽ ജനിച്ച ക്രിസ്തു നമ്മുടെ ഹൃദയത്തിൽ ജനിച്ചിട്ടുണ്ടോ? എങ്കിൽ ഈ യേശുവിനെക്കുറിച്ച് നാൾതോറും മറ്റുള്ളവരോട് പറയുക. ഒരു ക്രിസ്തുവിശ്വാസിക്ക് എല്ലാ ദിവസവും ക്രിസ്തുമസ് ആണ്. ക്രിസ്തു ഉള്ളിൽ ജനിക്കുന്നതാണ് ഓരോരുത്തരുടെയും ക്രിസ്തുമസ്.

**ചോദ്യം:**

സ്നാനം കഴിഞ്ഞശേഷമേ രക്ഷ പൂർത്തിയാകയുള്ളോ? ബൈബിളിൽ എവിടെ അതിന് തെളിവ് ഉണ്ട്?

**ഉത്തരം:**

വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടുന്നു എന്ന് ബൈബിളിൽ പറയുന്നു. അതിന്റെ തൊട്ടുപിന്നാലെ വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്ന് ഉണ്ട്. സ്നാനം അകത്തുണ്ടായവ്യതിയാനത്തിന്റെ തെളിവാണ്. രക്ഷ വിശ്വാസത്താൽ ലഭിക്കുന്നതാണ്. അതിന് സ്നാനം ആവശ്യമില്ല. പൗലൊസ് കൊരിന്ത്യയിലെ വിശ്വാസികളെ മാത്രമേ സ്നാനപ്പെടുത്തിയുള്ളൂ (1 കൊരി.1:14-16). രക്ഷിക്കപ്പെടാൻ സ്നാനം ആവശ്യം ഇല്ല.

# Quest – 19

താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് റെഫറൻസ് ആവശ്യമില്ല.

1. വേദപുസ്തകത്തിന്റെ എഴുത്തുകാരൻ ആരാണ്?
2. ദൈവവചനമെന്നു പറയുന്നതിന്റെ കാരണം എന്ത്?
3. പുതിയനിയമത്തിൽ ആകെ എത്ര പുസ്തകങ്ങൾ ഉണ്ട്?
4. പഴയനിയമത്തിൽ ആകെ എത്ര പുസ്തകങ്ങൾ ഉണ്ട്?
5. വേദപുസ്തകത്തിൽ ആകെ എത്ര പുസ്തകങ്ങൾ ഉണ്ട്?
6. ഒരു അദ്ധ്യായം വീതമുള്ള പുസ്തകങ്ങൾ ഏതെല്ലാം?

ഇനിയുള്ള ചോദ്യങ്ങൾക്ക് ഉത്തരം യെശയ്യാവ്, ഉത്തമഗീതം എന്നീ പുസ്തകങ്ങളിൽ നിന്ന് റെഫറൻസ് സഹിതം എഴുതുക.

7. യേശുക്രിസ്തുവിന്റെ വിവിധ പേരുകളിൽ 10 എണ്ണം എഴുതുക.
8. ഉത്തമഗീതത്തിന്റെ എഴുത്തുകാരൻ ആര്?
9. യിശ്ശായിയുടെ കുറ്റിയിൽ നിന്നുള്ള മുള ആര്?
10. യെശയ്യാവിന്റെ പുസ്തകം ആര് എഴുതി?
11. കന്യകാജനനം പറഞ്ഞിരിക്കുന്നത് ഏത് അദ്ധ്യായത്തിൽ?
12. നിന്റെ പ്രിയനു മറ്റു പ്രിയന്മാരെക്കാൾ എന്ത് വിശേഷതയുള്ളൂ?
13. "സമാധാനത്തിനായി എനിക്ക് അത്യന്തം കയ്പായത് ഭവിച്ചു." ആര് പറഞ്ഞതാണ് ഇത്?
14. രാത്രി സമയത്ത് ഞാൻ ആരെയാണ് എന്റെ കിടക്കമേൽ അന്വേഷിച്ചത്?
15. അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജാതികളെയും മൂടുന്നു. നാം എന്ത് ചെയ്യണം?
16. ഒരു രാജാവ് നീതിയോടെ വാഴും. ആ രാജാവ് ആര്?
17. ദുഷ്ടന്മാർ എങ്ങനെയാകുന്നു?
18. ഉസ്സിയാവിന്റെ അപ്പന്റെ പേര് എന്ത്?
19. നിങ്ങൾ മനുഷ്യരുടെ നിന്ദയെ ഭയപ്പെടരുത്. ഇത് ആരുടെ വാക്കുകൾ?
20. എന്റെ മീതെ അവൻ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു? ആരെക്കുറിച്ചാണിത്?

**പ്രത്യേക ശ്രദ്ധയ്ക്ക്**
Quest 19 ന്റെ ഉത്തരങ്ങൾ
2011 September 20 നകമായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം
അയയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം:**

ക്രൈസ്തവ വനിത ക്വിസ്
P.O. Box 3018, നാലാഞ്ചിറ പി.ഓ.
തിരുവനന്തപുരം 695 015

# Quest - 17

## ഒരു തിരുത്ത്

April- May 2011 ലക്കം വനിതയിലെ Quest -17 ലെ ചോദ്യത്തിന്റെ ഉത്തരമായി May-June 2011 ലക്കം വനിതയിൽ തെറ്റായ ഉത്തരം നല്കിയതിൽ നിർവ്യാജമായ ഖേദം രേഖപ്പെടുത്തിക്കൊള്ളുന്നു. ഇയ്യോബിന്റെ ആയുഷ്ക്കാലം എത്രവർഷം (ഇയ്യോബ് 42:16) എന്നു ഞാൻ നല്കിയ ഉത്തരം തെറ്റാണ്. ഇയ്യോബിന്റെ പരീക്ഷകൾക്കുശേഷം അദ്ദേഹം 140 സംവത്സരം ജീവിച്ചിരുന്നു എന്നാണു വേദപുസ്തകം പറയുന്നത്. ആകെ ആയുഷ്ക്കാലം എത്രയെന്ന് വേദപുസ്തകത്തിൽ രേഖയില്ല എന്നതാണു ശരി ഉത്തരം. ക്വിസ്മാസ്റ്റർക്ക് തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.

C.C.George
Quiz Master

## ഓൺലൈൻ ക്രൈസ്തവ വനിത

2010 നവംബർ മുതലുള്ള ക്രൈസ്തവ വനിത സൗജന്യമായി വായിക്കുവാൻ ഗുഡ്ന്യൂസിന്റെ വെബ്സൈറ്റു സന്ദർശിക്കുക. http://www.gncs.org/ministries_publications.php/ ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും മലയാളഭാഷ അറിയാവുന്ന ഏവർക്കും ബൈബിൾ പഠിക്കയും ക്രൈസ്തവ വനിത വായിക്കയും ചെയ്യാനുള്ള സംവിധാനമായി.

നിങ്ങളുടെ വിദേശത്തുള്ള ബന്ധുമിത്രാദികളെ ഈ വിവരം അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

# Quest -18 ന്റെ ഉത്തരങ്ങൾ

| | | |
|---|---|---|
| 1. വായും നാവും | - | സദൃശ.21:23 |
| 2. നിറയുന്നില്ല | - | സഭാപ്ര. 1:7 |
| 3. ഏകാകി | - | സഭാപ്ര.4:10 |
| 4. വെട്ടുക്കിളി | - | സദൃശ.30:27 |
| 5. മൂഢന്റെ | - | സഭാപ്ര.7:6 |
| 6. കൂട്ടം വിട്ടുനടക്കുന്നവർ | - | സദൃശ. 18:1 |
| 7. ചത്ത ഈച്ച | - | സഭാപ്ര.10:1 |
| 8. വിശപ്പ് | - | സദൃശ. 16:26 |
| 9. പാപി | - | സഭാപ്ര.8:12 |
| 10. സ്നേഹിതൻ | - | സദൃശ. 17:17 |
| 11. ശണ്ഠകൂടുന്ന സ്ത്രീയോടുകൂടെ | - | സദൃശ. 21:9. 25:24 |
| 12. ധനവാനെ | - | സഭാപ്ര.10:20 |
| 13. ജ്ഞാനിയുടെ | - | സഭാപ്ര.8:5 |
| 14. മൂഢന്റെ | - | സഭാപ്ര. 7:5 |
| 15. പാതാളം, നരകം, മനുഷ്യന്റെ കണ്ണ് | - | സദൃശ. 27:20 |
| 16. കള്ളസാക്ഷ്യം | - | സദൃശ. 25:18 |
| 17. മൂഢൻ | - | സഭാപ്ര. 4:5 |
| 18. രാജാവിന്റെ | - | സദൃശ. 19:12 |
| 19. ദൈവാലയത്തിലേക്കു | - | സഭാപ്ര. 5:1 |
| 20. ചീട്ട് | - | സദൃശ. 18:18 |

## Quest 18-ന്റെ മുഴുവൻ ശരി ഉത്തരങ്ങൾ അയച്ചവർ

അന്നമ്മ ഏബ്രഹാം, പെരുമന്നൂർ, കൊച്ചി.
ജിജി സി.ആർ. കല്ലയം, തിരുവനന്തപുരം.
ഗീതാ റാണി, കോരാണി, തിരുവനന്തപുരം.
മാമ്മൻ സി.എം. അണുശക്തി നഗർ, മുംബൈ.
മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ.
മറിയാമ്മ മത്തായി, കിഴക്കുംപാട്ടുകര, തൃശ്ശൂർ.
ഷാജി ക്രിസ്തുദാസ്, ആനാട്, തിരുവനന്തപുരം.
ഷൈലജാ ഷാജി, ആനാട്, തിരുവനന്തപുരം.

---

വിജയികൾക്കു അനുമോദനത്തോടൊപ്പം ക്വിസിൽ പങ്കെടുത്ത ഏവർക്കും ഞങ്ങളുടെ നന്ദി.

ക്വിസ് മാസ്റ്റർ

A bi-monthly publication by
Smt. Annamma C. John
Good News
Akkulam Road
Trivandrum 695 031